ദമ്മാജ് - ദാറുൽ ഹദീഥും

ഷെയ്ഖ് മുഖ്ബിൽ അൽ വാദിഈ (رحمه الله) യും

ചില സംശയങ്ങളും വസ്തുതകളും

അബു സൗദാ ഫഹദ് തൃശ്ശൂർ

بسم الله الرحمن الرحيم
الحمدلله رب العالمين و الصلاة و السلام على سيد المرسلين
نبينا محمد و آله الطاهرين و صحابته أجمعين

و بعد

" قُلْ هَلْ يَسْتَوِي الَّذِينَ يَعْلَمُونَ وَالَّذِينَ لاَ يَعْلَمُونَ إِنَّمَا يَتَذَكَّرُ أُوْلُوا الأَلْبَابِ "

"പറയുക: അറിവുള്ളവരും അറിവില്ലാത്തവരും സമമാകുമോ? ബുദ്ധിമാന്മാർ മാത്രമേ ആലോചിച്ചു മനസ്സിലാക്കുകയുള്ളൂ.[1]"

[1] അൽ-സുമർ:39

ആമുഖം

"يَا أَيُّهَا الَّذِينَ آمَنُوا اتَّقُوا اللَّهَ وَقُولُوا قَوْلاً سَدِيدًا"

"സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുകയും, ശരിയായ വാക്ക് പറയുകയും ചെയ്യുക."[2]

ഈ ആയത്തിന്റെ ഉദ്ദേശത്തെക്കുറിച്ചു ഇബ്നു അബ്ബാസ് (رضي الله عنه), ഇമാം ഇക്-രിമ (رحمه الله) എന്നിവർ പറഞ്ഞു, "അത് "لا اله الا الله" എന്നതാണ്." ഖത്താദ (رحمه الله) പറഞ്ഞു, "അത് നീതിയോടു കൂടിയുള്ള എല്ലാവിധ സംസാരങ്ങളും പ്രവർത്തികളും ആണ്."[3]

നമ്മുടെ സംസാരത്തിലും പ്രവർത്തികളിലും നീതി പുലർത്തുവാൻ ഉണർത്തിക്കൊണ്ടുള്ള ആയത്തുകളും ഹദീഥുകളും നിരവധിയാണ്. ഇതെല്ലാം തന്നെ 'സംസാരിക്കുന്നവനെ' അല്ലെങ്കിൽ 'പ്രവർത്തിക്കുന്നവനെ' സംബന്ധിച്ചെങ്കിൽ, 'കേൾവിക്കാരനെ' സംബന്ധിച്ചും പരിശുദ്ധ ഖുർ'ആൻ ഉണർത്തിയിട്ടുണ്ട്.

"يَا أَيُّهَا الَّذِينَ آمَنُوا إِنْ جَاءَكُمْ فَاسِقٌ بِنَبَإٍ فَتَبَيَّنُوا أَنْ تُصِيبُوا قَوْمًا بِجَهَالَةٍ فَتُصْبِحُوا عَلَى مَا فَعَلْتُمْ نَادِمِينَ"

"സത്യവിശ്വാസികളേ, ഒരു അധർമ്മകാരി വല്ല വാർത്തയും കൊണ്ട് നിങ്ങളുടെ അടുത്ത് വന്നാൽ നിങ്ങളതിനെപ്പറ്റി വ്യക്തമായി അന്വേഷിച്ചറിയണം. അറിയാതെ ഏതെങ്കിലും ഒരു ജനതയ്ക്ക് നിങ്ങള് ആപത്തുവരുത്തുകയും, എന്നിട്ട് ആ ചെയ്തതിന്റെ പേരിൽ നിങ്ങൾ ഖേദക്കാരായിത്തീരുകയും ചെയ്യാതിരിക്കാൻ വേണ്ടി."[4]

'فَاسِقٌ' എന്നതു കൊണ്ട് ഇവിടെ ഉദ്ദേശിച്ചിരിക്കുന്നത് കളവു പറയുന്നവനെയും, പാപിയെയും, അല്ലാഹുവിന്റെയടുക്കൽ ലജ്ജകൂടാതെ പ്രവർത്തിക്കുന്നവനെയുമെന്നും

---

[2] അൽ-അഹ്സാബ്:70

[3] സാദ് അൽ-മസീർ ഫീ ഇൽമ് അൽ-തഫ്സീർ - ഇബ്നുൽ ജൗസീ

[4] അൽ-ഹുജുറാത് : 6

അത് പോലെ 'تَبَيَّنُوا' എന്നാൽ ഉറപ്പു വരുത്തുക, വെളിപ്പെടുത്തുക എന്നുമാണ് ഉദ്ധേശമെന്നും തഫ്സീറുകളിൽ കാണാൻ കഴിയും.[5]

അതിനാൽ പറയുന്നവൻ താൻ പറയുന്നതിലും കേൾക്കുന്നവൻ താൻ കേൾക്കുന്നതിലും ശ്രദ്ധ പുലർത്തേണ്ടതുണ്ട്. മുസ്ലീങ്ങൾക്ക് എക്കാലത്തേക്കും മാതൃകയായ സലഫുകൾ ഇക്കാര്യത്തിൽ വളരെയേറെ ശ്രദ്ധ നൽകിയിരുന്നു എന്ന് ചരിത്രങ്ങൾ പരിശോധിച്ചാൽ നമുക്ക് കാണാൻ കഴിയും.

ഇമാം മുസ്ലിം (رحمه الله) തന്റെ സഹീഹിൽ താബി'ഈ പ്രമുഖനായിരുന്ന ഇമാം ഇബ്നു സീരീനിൽ (رحمه الله) നിന്നും ഉദ്ധരിക്കുന്നു,

“إن هذا العلم دين فانظروا عمن تأخدون دينكم”

"ഈ ഇൽമ് അത് ദീനാകുന്നു, അതിനാൽ നിങ്ങൾ ആരിൽ നിന്നും നിങ്ങളുടെ ദീനെടുക്കുന്നു എന്നത് നോക്കിക്കൊള്ളുക".[6]

ഈയൊരു വ്യവസ്ഥ ഇന്ന് എല്ലാ മേഖലകളിലും പ്രസക്തമാണെങ്കിലും, ദീൻ സംബന്ധമായ മേഖലകളിൽ ഇതിന്റെ പ്രാധാന്യം പതിന്മടങ്ങു വർധിക്കുന്നു. പ്രത്യേകിച്ച് വ്യക്തി-സംഘടനാ-ഭീകര താത്പര്യങ്ങളാൽ വേദികൾ കലുഷിതമായിക്കൊണ്ടിരിക്കുന്ന ഈ സന്ദർഭത്തിൽ. എന്നിട്ടും എത്രയെത്ര ആളുകളാണ് ഈ വിഷയത്തിൽ അശ്രദ്ധർ! എത്രയെത്ര ആളുകളാണ് ഈ അശ്രദ്ധ മൂലം വഴി തെറ്റിയവർ!

ومن جعل الغراب له دليلا *** يمر به على جيف الكلاب

ആരാണോ കാക്കകളെ തന്റെ വഴികാട്ടിയാക്കിയത്
നായ്ക്കളുടെ ജഡങ്ങളിലേക്കല്ലോ അവൻ ചെന്നെത്തിയത്

---

[5] ഇമാം ഖുർതുബിയുടെ “അൽ-ജാമി'അ ലി അഹ്കാം അൽ-ഖുർ’ആൻ" കാണുക

[6] ഈ ‘അഥർ’ ഇബ്നു സീരീനിൽ നിന്നും വളരെയധികം ഇമാമീങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നു.

പശ്ചാത്തലം

മാധ്യമപ്രവർത്തനത്തിനു വന്നുചേർന്ന മൂല്യച്യുതിയെ ചൂണ്ടി, പത്രവായന ഒരു മതവിദ്യാർത്ഥി ഒഴിവാക്കേണ്ടതാണ് എന്ന ഒരു ഉപദേശം, യെമെനിലെ സലഫി ദഅവത്തിന് വെള്ളവും വളവും നൽകി വളർത്തിയ ഇമാം മുഖ്ബിൽ ഇബ്നു ഹാദി അൽ-വാദിഈ (رحمه الله), നൽകിയിരുന്നു. (വിശ്വാസയോഗ്യമല്ലാത്ത വാർത്തകൾ വായിച്ചു സമയം കൊല്ലുന്നതിനേക്കാളും എന്തുകൊണ്ടും നല്ലതു തങ്ങളുടെ പഠിപ്പുമായി മുന്നോട്ടു പോകുകയാണ് എന്നും, എന്നാൽ താൻ പത്ര വായന ഹറാം ആക്കുകയല്ല എന്നും ഷെയ്ഖ് പറഞ്ഞിട്ടുണ്ട്)[7]. എന്നാൽ സത്യം അറിയാൻ ശ്രമിക്കാതെ പരിഹാസവുമായി മുന്നിട്ടിറങ്ങിയ ഒരു കിനാലൂരുകാരന്റെ ഫേസ്ബുക് പോസ്റ്റിൽ റിയാസ്മോൻ എന്നൊരു 'പത്രക്കാരൻ' ('വർത്തമാനം' എന്ന പത്രത്തിൽ ഇയാളുടെ ലേഖനങ്ങൾ വരാറുണ്ട് എന്ന് പറഞ്ഞു കേൾക്കുന്നു. ഞാൻ ആ പത്രം വായിക്കാറില്ല) കമന്റ് ആയി കൊടുത്തതാണ് ഇതെഴുതുന്നതിനുള്ള പശ്ചാത്തലം .

ഇയാളെഴുതിയതായി കണ്ട ലേഖനങ്ങളിൽ നിന്നും മനസ്സിലാക്കിയത് ഷെയ്ഖ് മുഖ്ബിൽ താക്കീതു ചെയ്ത ആ ജനുസിൽപ്പെട്ട, വർത്തമാനകാലത്തു മാധ്യമപ്രവർത്തനത്തിനു വന്നു ഭവിച്ചിട്ടുള്ള മൂല്യച്യുതിയുടെ, ജീവിച്ചിരിക്കുന്ന ഒരു 'ദുരന്തസ്മാരകം' ആണ് ടിയാൻ എന്നാണ്. ഈയൊരു വ്യക്തിയിൽ നിന്നും ആദ്യമായല്ല ഇത്തരം അടിസ്ഥാനരഹിതമായ ആരോപണങ്ങൾ. അതിനാൽ തന്നെ അയാൾ ഒരു മറുപടി അർഹിക്കുന്നുമില്ല. എന്നാൽ ദമ്മാജിലെ ദാറുൽ ഹദീഥിനെതിരെ കണ്ടു വരുന്ന ആരോപണങ്ങളുടെ ഒരു പതിവ് ടെംപ്ലേറ്റ് ആയതിനാൽ സത്യം തേടുന്നവർക്ക് ഉപകാരപ്രദമാകട്ടെയെന്നു പ്രാർത്ഥിക്കുന്നു.

സത്യത്തിന്റെ മാർഗ്ഗത്തിൽ നിലകൊള്ളുവാനും അതിന്റെ ആളുകൾക്ക് പിന്തുണയേകുവാനും അള്ളാഹു തൗഫീഖ് നൽകുമാറാകട്ടെ...

كتبه بعون الله تعالى

فقير الى مغفرة ربه


ابو سودة فهد بن قويناذن التريشوري (غفر الله له و هدا والديه)

طالب في المدرسة علقمة - دار السلفية بمدينة نيغومبو، سيريلانكا

٢٠/ ذي القعدة/ ١٤٣٧

---

[7] http://www.muqbel.net/fatwa.php?fatwa_id=3542



Riyas Mon 2000ത്തിൽ മരിച്ചു പോയ ഒരു യെമൻ പണ്ഡിതനാണ് ശൈഖ് മുഖ്ബിൽ.
അദ്ദേഹം മരിക്കുന്നത് വരെ കേരളത്തിലെ മുസ്ലിംകളെ സ്വാധീനിച്ചിട്ടില്ല.
സ്വാധീനിക്കാൻ മാത്രമുള്ള കോപ്പൊന്നും അദ്ദേഹത്തിന്റെ കൈയിൽ ഉണ്ടായിരുന്നില്ല.
അദ്ദേഹം സ്ഥാപിച്ച ദമ്മാജ് ഏതാണ്ട് അവസാനിച്ച മട്ടാണ്. കൂടെ നിന്ന ഏതാനും
ആയിരം അനുയായികൾ മൂന്ന് ചേരികളായി തിരിഞ്ഞ് പരസ്പരം തർക്കിക്കുന്നു.
യെമനിലെ തന്നെ മുസ്ലിം സമുദായത്തിന് അദ്ദേഹം ബുദ്ധിപരമായി നേതൃത്വം
നൽകിയിട്ടില്ല. കനപ്പെട്ട് ഗ്രന്ഥങ്ങൾ നൽകിയിട്ടുമില്ല.
മുഖ്ബിലിനെ ജീവനോടെ കണ്ട മലയാളികളും അപൂർവമാണ്. പിന്നെ എങ്ങനെയാണ്
മൂപ്പർ കേരളത്തിലെ മുസ്ലിംകൾക്ക് ഒരു റഫറൻസ് ആയി മാറുന്നത്?

സ്വന്തം വീടും, കുടുംബവും ഉപേക്ഷിച്ചു വന്ന അരാജകവാദികളായിരുന്നു മുഖ്ബിലിന്റെ
അനുയായികൾ. പ്രായമായ സ്വന്തം മാതാപിതാക്കളെ തന്നെയും പരിചരിക്കാൻ ഭാഗ്യം
കിട്ടാത്ത സ്വർഗ്ഗാന്വേഷികൾ. അവരെങ്ങനെയാണ് മുസ്ലിംകൾക്ക് മാതൃകകൾ
അവശേഷിപ്പിക്കുക?

Like · Reply · 10 · 19 July at 17:06

(നീല നിറത്തിൽ ആരോപണങ്ങളും അതിനു താഴെ മറുപടിയും എന്ന രീതിയാണ് ഈ ലേഖനത്തിൽ സ്വീകരിച്ചിട്ടുള്ളത്)

"2000ത്തില് മരിച്ചു പോയ ഒരു യമൻ പണ്ഡിതൻ ആണ് ഷെയ്ഖ് മുഖ്ബിൽ..."

അദ്ദേഹം, അബു അബ്ദുർ-റഹ്മാൻ മുഖ്ബിൽ ഇബ്നു ഹാദീ അൽ-ഹമദാനി അൽ-വാദിഈ (رحمه الله), മരണപ്പെടുന്നത് 2001-ഇൽ ആണ്. ഇത്തരത്തിലുള്ള അശ്രദ്ധമായ ഗവേഷണങ്ങൾ ഇയാളുടെ ലേഖനങ്ങളുടെ മുഖമുദ്രയാണ്. അത് തുടർന്നും കാണാവുന്നതാണ്. അതു കൊണ്ടു ചൂണ്ടി കാണിച്ചെന്നേയുള്ളു.

"അദ്ദേഹം മരിക്കുന്നത് വരെ കേരളത്തിലെ മുസ്ലിംകളെ സ്വാധീനിച്ചിട്ടില്ല. സ്വാധീനിക്കാന് മാത്രമുള്ള കോപ്പൊന്നും അദ്ദേഹത്തിന്റെ കൈയില് ഉണ്ടായിരുന്നില്ല..."

അറപ്പുളവാക്കുന്ന ഭാഷയിൽ കടുത്ത ഒരു നുണ പറഞ്ഞു ഒരു പണ്ഡിതന്റെ മാംസം ഭക്ഷിച്ചു എന്നല്ലാതെ വേറൊന്നും ഈ ഒരു വരികൊണ്ടു ഉണ്ടായിട്ടില്ല.

“وَيْلٌ لِكُلِّ هُمَزَةٍ لُمَزَةٍ”

“കുത്തുവാക്ക് പറയുന്നവനും അവഹേളിക്കുന്നവനുമായ ഏതൊരാൾക്കും നാശം.”[8]

[8] അൽ-ഹുമസ:1

ഇതിന്റെ തഫ്സീറിൽ പറയപ്പെടുന്നു, "'الهمز'-ന്റെ അടിസ്ഥാനം ഇകഴ്ത്തലാകുന്നു". ഇബ്നു അബ്ബാസ് (رضي الله عنه) പറയുന്നു "അവർ ജനങ്ങൾക്കിടയിൽ നടന്നു ഏഷണി പറയുന്നവരാണ്. സ്നേഹബന്ധങ്ങൾ ക്ഷയിപ്പിക്കുന്നവരും, ദോഷങ്ങളില്ലാത്തവരെ വെറുക്കുന്നവരും ആണവർ."[9]

കേരളത്തിലെ മുസ്ലിംകളെ സ്വാധീനിക്കുക എന്നുള്ളത് ഇസ്‌ലാമിക പാണ്ഡിത്യത്തിനുള്ള ഒരു നിബന്ധനയാണോ? ഇനി അത് മരണത്തിനു മുൻപ് തന്നെ വേണം എന്നും ഉണ്ടോ? ഇമാം മുഹമ്മദ് ഇബ്നു അബ്ദുൽവഹ്ഹാബിന്റെ (رحمه الله) സ്വാധീനം അദ്ധേഹത്തിന്റെ ജീവിതകാലത്തു തന്നെ കേരളക്കരയിൽ എത്തിയിരുന്നോ? മറ്റേതു ലോക-പണ്ഡിതരാണ് ജീവിതകാലത്തു തന്നെ കേരളാ മുസ്ലീങ്ങളെ സ്വാധീനിച്ചവർ? ലോകമെമ്പാടുമുള്ള ശിഷ്യന്മാർ ദാറുൽ ഹദീഥിൽ ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെയടുക്കൽ നിന്നും അറിവ് നേടിയ ശേഷം തങ്ങളുടെ സ്വദേശങ്ങളിൽ പോയി ദാറുൽഹദീഥിന്റെ മാതൃകയിൽ വിവിധ പഠനകേന്ദ്രങ്ങൾ പലരും തുടങ്ങിയിട്ടുണ്ട്. മസ്ജിദ് അൽ-ഇമാം അൽ-വാദിഈ എന്ന പേരിൽ പള്ളികൾ ന്യൂയോർക്കിലും ലണ്ടനിലും എന്നല്ല ലോകത്തിന്റെ പല ദേശങ്ങളിലും ഇന്നും കാണാം. സാധാരണക്കാരനായ ഒരു മുസ്ലിം സഹോദരനെ ഗീബത്തു പറയുന്നത് തന്നെ എത്ര വെറുക്കപ്പെട്ടതാണ്? അപ്പോൾ ഒരു പണ്ഡിതനെതിരെ ദുരാരോപണങ്ങൾ ഉന്നയിക്കുന്നതോ? ഇമാം ഇബ്നു അസാകിർ (رحمه الله)-യുടെ വാക്കുകൾ എത്ര മനോഹരമാണെന്ന് നോക്കൂ,

لحوم العلماء مسمومة *** وعادة الله فيمن انتهكها معلومة
و من أطلق لسانه في العلماء بالثلب *** ابتلاه الله قبل موته بموت القلب

"പണ്ഡിതന്മാരുടെ മാംസം വിഷമാണ്
അതിൽ അതിക്രമം കാണിക്കുന്നവന്റെയടുക്കൽ അല്ലാഹുവിന്റെ നടപടിക്രമം അറിയപ്പെടുന്നതുമാണ്
അപവാദങ്ങളാൽ ഒരു പണ്ഡിതന് നേർക്കൊരുവൻ തന്റെ നാക്കിനെ അഴിച്ചു വിട്ടാൽ, മരണത്തിനു മുൻപേ ഹൃദയത്തിന്റെ മരണത്തിലൂടെ അല്ലാഹു അവനെ പരീക്ഷിക്കുന്നതാണ്"

[9] ഇമാം ഷൗക്കാനിയുടെ 'ഫത്ഹ് അൽ-ഖദീർ'/ഇമാം ഖുർതുബിയുടെ "അൽ-ജാമി'അ ലി അഹ്കാം അൽ-ഖുർ'ആൻ" എന്നിവ കാണുക

“അദ്ദേഹം സ്ഥാപിച്ച ദമ്മാജ് ഏതാണ്ട് അവസാനിച്ച മട്ടാണ്…”

“وَلاَ تَتَّخِذُوا أَيْمَانَكُمْ دَخَلاً بَيْنَكُمْ فَتَزِلَّ قَدَمٌ بَعْدَ ثُبُوتِهَا وَتَذُوقُوا السُّوءَ بِمَا صَدَدْتُمْ عَنْ سَبِيلِ اللَّهِ وَلَكُمْ عَذَابٌ عَظِيمٌ”

“നിങ്ങൾ നിങ്ങളുടെ ശപഥങ്ങളെ അന്യോന്യം ചതിപ്രയോഗത്തിനുള്ള മാർഗമാക്കിക്കളയരുത്. (ഇസ്ലാമില്) നില്പുറച്ചതിന് ശേഷം പാദം ഇടറിപോകാനും, അല്ലാഹുവിന്റെ മാര്ഗത്തില് നിന്ന് ആളുകളെ തടഞ്ഞതു നിമിത്തം നിങ്ങള് കെടുതി അനുഭവിക്കാനും അത് കാരണമായിത്തീരും. നിങ്ങള്ക്ക് ഭയങ്കരമായ ശിക്ഷയുണ്ടായിരിക്കുകയും ചെയ്യും.”[10]

ദമ്മാജിലെ ദാറുൽ ഹദീഥിന്റെ സ്ഥാപനകാലം മുതൽക്കെ ശിയാ-റാഫിദികളുടെ കടുത്ത എതിർപ്പ് അതിന്നുണ്ട്. ഷിയാ മേധാവിത്വമുള്ള സ'ആദ പ്രവിശ്യയിൽ, സൗദിയിലെ മദീന ഇസ്‌ലാമിക സർവകലാശാലയിൽ നിന്നും മടങ്ങിയെത്തിയ ഒരാളുടെ കീഴിൽ, ഒരു സുന്നി-സലഫി ആദർശ സ്ഥാപനം വളരുന്നത് തീർച്ചയായും അവർക്കു ദഹിക്കാവുന്നതിലും അപ്പുറം ആവുമല്ലോ. എന്നിരുന്നാലും അല്ലാഹുവിന്റെ അപാരമായ സഹായത്താൽ അദ്ധേഹത്തിന്റെ ദഅവത്ത് അവിടെ വേരുറച്ചു. ആദ്യം സംശയം പ്രകടിപ്പിച്ചിരുന്ന ചില ഗോത്രനേതാക്കന്മാരും പിന്നീട് അദ്ദേഹത്തെ പിന്തുണക്കുന്ന കാഴ്ചയാണ് ചരിത്രത്തിൽ നമുക്ക് കാണാൻ കഴിയുക. ഈജിപ്തിൽ നിന്നും മറ്റു അറബ് രാജ്യങ്ങളിൽ നിന്നുമുള്ള അറബികളായിരുന്നു ആദ്യകാലത്തു അവിടെയെത്തിയിരുന്നതെങ്കിലും പിന്നെ പല ദേശക്കാരും ഭാഷക്കാരും എന്ന് വേണ്ട പല വിശ്വാസ പശ്ചാത്തലത്തിലുള്ളവരും അല്ലാഹുവിന്റെ പരിശുദ്ധമായ ദീനിന്റെ അറിവ് തേടിയെത്തി. ദമ്മാജിന്റെ വരണ്ട താഴ്‌വരയെ ഷെയ്ഖ് മുഖ്ബിൽ തൗഹീദിന്റെയും തിരുസുന്നത്തിന്റെയും ജലം നൽകി പോഷിപ്പിച്ചു, പതിറ്റാണ്ടുകളോളം അവിടെ ദഅവത്ത് നടന്നു.

ഷെയ്ഖ് മുഖ്ബിലിന്റെ മരണ ശേഷം പല ശിഷ്യന്മാരും അവരവരുടെ ഗ്രാമങ്ങളിലും പട്ടണങ്ങളിലും സമാന-സ്ഥാപനങ്ങൾ പള്ളികൾ കേന്ദ്രീകരിച്ചു തുടങ്ങി. ദമ്മാജിൽ തന്നെ ഷെയ്ഖ് യഹ്യ അൽ-ഹജൂരി (حفظه الله)-യുടെ കീഴിൽ ദർസുകൾ നടന്നു പൊന്നു. ഷെയ്ഖ് മുഖ്ബിലിന്റെ കാലത്തു ആയിരത്തിനടുത്തു

[10] അൽ-നഹ്ൽ:94

വിദ്യാർത്ഥികളായിരുന്നെങ്കിൽ അതിനു ശേഷം പതിനായിരത്തോളം വിദ്യാർത്ഥികൾ എന്നായി. ഈ സാഹചര്യത്തിലാണ് പുറംദേശങ്ങളിൽ നിന്ന് വരുന്നവർ തീവ്രവാദികളാണ് എന്ന ആരോപണം ഏറ്റു പിടിച്ചു ഷിയാ-റാഫിദികൾ വിദ്യാർത്ഥികൾക്കെതിരെ സായുധ-കലാപം തുടങ്ങിയത്. യെമെനി-സൗദി ഗവണ്മെന്റുകളുടെ ഇടപെടലുകളും മറ്റും അടക്കം പല-ഘട്ടങ്ങളായി ഉണ്ടായ യുദ്ധങ്ങളിൽ പല വിദ്ധ്യാർത്ഥികളും മരണപ്പെടുകയുണ്ടായിട്ടുണ്ട്. ആക്രമണത്തെ പ്രതിരോധിക്കാൻ മുന്നിട്ടിറങ്ങിയ പണ്ഡിതന്മാരെയും റാഫിദികൾ കൊലപ്പെടുത്തി. ഈയൊരു സന്ദർഭത്തിലാണ് സ്ഥാപനം മറ്റൊരു പ്രദേശത്തേക്ക് മാറ്റുക എന്ന ഗവണ്മെന്റ് വാഗ്ദാനത്തിനുമേൽ ദമ്മാജിലെ ദാറുൽഹദീസ് ഒഴിയേണ്ടതായി വന്നത്.

എന്നാൽ ഷെയ്ഖ് മുഖ്ബിലിന്റെ, ഖുർആനിലും സുന്നത്തിലും ഊന്നിയുള്ള ദഅവത്ത് നിലച്ചില്ല. പുതിയ മർക്കസുകളും പള്ളികളും യെമെനിലും അതിനു പുറത്തും ശിഷ്യന്മാർ സ്ഥാപിച്ചു. അവിടെ ദിനംപ്രതി വിദ്യാർത്ഥികളും വർധിച്ചു. ഇന്ന് യെമെനിൽ ഹദ്രമൗത്, സന'ആ, അദൻ, ത'ഇസ്, ഹുദൈദ, ദിമാർ, ദാലി'അ, ഇബ്ബ്, മ'അബർ, മഫ്റഖ് ഹുബൈഷ് എന്നീ പ്രദേശങ്ങളിലും മറ്റും ചെറുതും വലുതും ആയ പല സ്ഥാപനങ്ങളിലും അദ്ധേഹത്തിന്റെ ശിഷ്യന്മാരുടെ നേതൃത്വത്തിൽ പഠനം തുടരുന്നു. യെമെനിന്നു പുറത്തു സുഡാൻ, ടാൻസാനിയ, ഇന്തോനേഷ്യ, മലേഷ്യ, സൊമാലിയ, ഈജിപ്ത്, അൽജീരിയ, കാനഡ, ബ്രിട്ടൺ, ശ്രീലങ്ക എന്നീ നാടുകളിലും ഷെയ്ഖ് മുഖ്ബിലിന്റെ ദഅവത്ത് തുടരുന്നു. ദമ്മാജ് എന്നത് ഒരു തുടക്കം മാത്രമായിരുന്നു. ആ മരം ഇന്ന് വളർന്നിരിക്കുന്നു. അല്ലാഹുവിന്റെ പരിശുദ്ധമായ ദീനിന്റെ, കലർപ്പില്ലാത്ത ഫലങ്ങൾ ലോകം മുഴുവൻ ഇന്ന് രുചിക്കുന്നു. അതിന്റെ ശത്രുക്കൾക്കു അത് അസഹനീയമെങ്കിലും.

وإذا أراد الله نشر فضيلة *** طويت أتاح لها لسان حسود

മറഞ്ഞിരിക്കുന്ന ഒരു നന്മ പ്രചരിപ്പിക്കുവാൻ അല്ലാഹു ഉദ്ദേശിച്ചാൽ
ഒരു അസൂയാലുവിന്റെ നാക്കിനാൽ അതിനുള്ള വഴിതെളിച്ചിടും

“കൂടെ നിന്ന ഏതാനും ആയിരം അനുയായികള് മൂന്ന് ചേരികളായി തിരിഞ്ഞ് പരസ്പരം തക്കിക്കുന്നു…”

അഭിപ്രായ വ്യത്യാസങ്ങളും ഭിന്നതകളും അല്ലാഹു വെറുക്കുന്നതാണ്. അതിനെതിരെ താക്കീതു നൽകിക്കൊണ്ടുള്ള ആയത്തുകളും ഹദീഥുകളും നിരവധിയാണ്. ഉമ്മത്തിൽ ഭിന്നത തീർച്ചയായും ഉണ്ടാകുമെന്ന മുന്നറിയിപ്പും അല്ലാഹുവിന്റെ റസൂൽ (صلى الله عليه و سلم) നൽകിയിട്ടുണ്ട്. അഭിപ്രായവ്യത്യാസങ്ങൾ വന്നാൽ അതിനുള്ള പരിഹാരവും അല്ലാഹുവിന്റെ റസൂൽ (صلى الله عليه و سلم) നിർദ്ദേശിച്ചിട്ടുണ്ട്. പ്രസിദ്ധമായ ഹദീഥിൽ കാണാം,

“...فإنه من يعش منكم فسيرى اختلافا كثيرا، فعليكم بسنتي و سنة الخلفاء الراشدين المهديين، عضوا عليها بالنواجذ...”

"...എനിക്ക് ശേഷമുള്ളവർ വളരെയധികം ഭിന്നതകളെ നേരിട്ടേക്കാം. അപ്പോൾ നിങ്ങൾ എന്റെയും എന്റെ സന്മാർഗികളായ ഖുലഫാ-റാശിദീങ്ങളുടെയും സുന്നത് പിൻപറ്റുക. അതിൽ നിങ്ങളുടെ അണപ്പല്ലുകളാൽ നിങ്ങൾ കടിച്ചു പിടിക്കുക..."[11]

എന്നാൽ അഹ്ലുസ്സുന്നത്തിന്റെ പണ്ഡിതന്മാർക്കൊന്നും അഭിപ്രായവ്യത്യാസം ഇല്ലാതിരുന്ന ചില വിഷയങ്ങളുടെ പേരിൽ ഒരു പ്രസ്ഥാനത്തിൽ നിന്നും ഭിന്നിച്ചുപോയ ചില കക്ഷികളുടേതാണ് ഈ വിമർശനം എന്നത് ആശ്ചര്യജനകമാണ്.

يا أيها الرجل المعلم غيره *** هلا لنفسك كان ذا التعليم
تصف الدواء لذي السقام وذي الضنى *** كيما يصح به وأنت سقيم
فابدأ بنفسك فانهها عن غيها *** فإذا انتهت عنه فأنت حكيم

ഹേ! മറ്റുള്ളവരെ പഠിപ്പിക്കുന്നവനെ!
നീ സ്വയം പഠിപ്പുള്ളവൻ ആകേണ്ടതില്ലേ?
രോഗികൾക്കും ക്ഷീണിതനും നീ മരുന്ന് വിവരിക്കുന്നു
അവരെ അതിനാൽ ആരോഗ്യവാന്മാരാക്കുന്നു - പക്ഷെ നീ തന്നെ രോഗിയും
അതിനാൽ നിന്നിൽ നിന്ന് തന്നെ തുടങ്ങുക, സ്വന്തം അജ്ഞത നീക്കുക
അതിൽ നിന്നും വിരമിച്ചാൽ നീ തന്നെ ജ്ഞാനിയും

[11] ഇർബാദ് ഇബ്നു സാരിയയിൽ നിന്ന് അബു ദാവൂദും തിർമിദിയും റിപ്പോർട്ട് ചെയ്തത്. (സഹീഹ്)

നേരത്തെ പറഞ്ഞ ഹദീഥിനെ വിശദീകരിച്ച ഷെയ്ഖ് മുഹമ്മദ് ഹയാത് അൽ-സിന്ധി (رحمه الله) പറയുന്നു, "സുന്നത്തിനെയും അതിനോട് യോജിക്കുന്നവയെയും തിരിച്ചറിയേണ്ടത് ഇതിനാൽ തന്നെ (അത് പിൻപറ്റുന്നതിനായി) വളരെ പ്രാധാന്യമർഹിക്കുന്നതാണ്. അത് രക്ഷയുടെ കപ്പലാകുന്നു. അത് പോലെത്തന്നെ ബിദ്അത്തുകൾ തിരിച്ചറിയുക എന്നതും, അവ നാശത്തിനുള്ള കാരണമാകുന്നതിനാൽ, ഊന്നിപ്പറയേണ്ടതാകുന്നു. അതിൽ നിന്നും രക്ഷപ്പെടുന്നതിനായാണിത്. നല്ലതും ചീത്തയും വേർതിരിക്കാനറിയാത്തവൻ അവയിൽ വീണു പോകുന്നു. അധികമാളുകളും അതിൽ അശ്രദ്ധരാണ്. വിലയേറിയ സുന്നത്തുകൾ അവർ ഉപേക്ഷിക്കുന്നു എന്നാൽ വെറുപ്പുളവാക്കുന്ന ബിദ്അത്തുകൾ അവർ ചെയ്തുകൂട്ടുന്നു. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ! ഇതിലും വലിയ എന്ത് പ്രയാസമാണ് ദീനിൽ നമുക്ക് വന്നുചേരാനുള്ളത്?"[12]

ദീനിൽ അറിവ് തേടി അല്ലാഹുവിന്റെ റസൂലിന്റെ (صلى الله عليه و سلم) സുന്നത്തിൽ മുറുകെപ്പിടിക്കുക തന്നെ മാർഗ്ഗമെന്നത് വ്യക്തം!

ചില കക്ഷികൾ ഷെയ്ഖ് മുഖ്ബിലിന്റെ മരണശേഷം അദ്ദേഹം മുന്നോട്ടു വെച്ച ഈ പാതയിൽ നിന്ന് വ്യതിചലിക്കുകയും ദീനിൽ പരിചിതമല്ലാത്ത ചില മാർഗങ്ങള് അവലംബിക്കാൻ ശ്രമിക്കുകയും ചെയ്തിട്ടുണ്ട്. ഉദാഹരണത്തിന് അബുൽ ഹസൻ മുസ്തഫ അൽ-സുലെയ്മാനി അൽ-മഅരിബി എന്ന ഒരു ശിഷ്യൻ ചില ഇഖ്വാനി ചിന്തകൾ പ്രചരിപ്പിക്കാൻ തുടങ്ങിയതായ സാഹചര്യം. ദീനിൽ ഉറച്ചു നിന്ന ശിഷ്യന്മാർ അവരുടെ വ്യതിയാനങ്ങളെ മുൻകൂട്ടി അറിയുകയും അതിനെ നഖശിഖാന്തം എതിർക്കുകയും ചെയ്തിട്ടുണ്ട്. അതിനാൽ തന്നെ ദീനിന്റെ സംരക്ഷണാര്ഥം ഉണ്ടായ ഭിന്നിപ്പുകളായിരുന്നു അവയും അവക്ക് ശേഷം ഉണ്ടായവയും. പക്ഷെ ഷെയ്ഖ് മുഖ്ബിലിന്റെ ദഅ'വത്തിനെ ക്ഷീണിപ്പിക്കുന്ന ഒരു ഭിന്നിപ്പിനും അല്ലാഹു അനുവദിച്ചിട്ടില്ല. الحمد لله

മുൻപ് സൂചിപ്പിച്ചതു പോലെ തന്നെ ഖുർആനിലും സുന്നത്തിലും നിലയുറപ്പിച്ച ശൈഖുമാരുടെ കീഴിൽ ദർസുകളുമായി ലോകമെമ്പാടുമുള്ള വിദ്യാർത്ഥികൾ മുന്നോട്ടു പോകുന്നു. അല്ലാഹു അവരെയെല്ലാം നേരിൽ നിലനിർത്തുമാറാകട്ടെ!

---

[12] തുഹ്ഫത്തുൽ മുഹിബ്ബീൻ ബി ശർഹ് അൽ-അർബഈൻ

“യെമനിലെ തന്നെ മുസ്ലിം സമുദായത്തിന് അദ്ദേഹം ബുദ്ധിപരമായി നേതൃത്വം നല്കിയിട്ടില്ല....”

അറബി ഭാഷയിലെ (بهتان) എന്ന പദത്തിന്റെ ഉദാഹരണമായി കാണിക്കാം എന്നതിനപ്പുറത്തേക്കു ഈ വാക്കുകൾക്കു സ്ഥാനമില്ല. പ്രഗത്ഭപണ്ഡിതനായിരുന്ന മുഹമ്മദ് ഇബ്നു സാലിഹ് അൽ-ഉതയ്മീൻ (رحمه الله)-യുടെ സാക്ഷ്യം തന്നെ ഈയൊരു പെരുംകള്ളത്തെ പറിച്ചെറിയുവാൻ മതിയാകുന്നതാണ്. അദ്ദേഹം പറഞ്ഞു "അദ്ദേഹത്തോട് പറയൂ, അദ്ദേഹത്തെ (ഷെയ്ഖ് മുഖ്ബിലിനെ) ഞാൻ ഒരു പുനരുദ്ധാരകനായാണ് (مجدد) കാണുന്നതെന്ന്”.[13]

യെമെനിൽ അദ്ധേഹത്തിന്റെ ദഅവത്തിനു ലഭിച്ച സ്വീകാര്യതയെ കുറിച്ചും അതിന്റെ പ്രചാരണത്തെ കുറിച്ചും വളരെ ചുരുക്കി നേരത്തെ സൂചിപ്പിച്ചിരുന്നുവല്ലോ. പിന്നെങ്ങനെയാണ് "യെമനിലെ തന്നെ മുസ്ലിം സമുദായത്തിന് അദ്ദേഹം ബുദ്ധിപരമായി നേതൃത്വം നല്കിയിട്ടില്ല" എന്ന് പറയാൻ കഴിയുക. ഇനി യെമെനിലെ സലഫികളൊന്നും മുസ്ലിങ്ങൾ അല്ല എന്ന ഖാരിജി വാദമുണ്ടോ? ഇനി 'ബുദ്ധിപരം' എന്നത് കൊണ്ടുദ്ദേശിച്ചതു 'അഖ്ലാനിയത്ത്' ആണെങ്കിൽ അദ്ധേഹത്തിന്റെ ദഅവത്തു അതിൽ നിന്നും മുക്തമാണ്. ഷെയ്ഖ് മുഖ്ബിലിന്റെയും ദമ്മാജിന്റെയും ചരിത്രത്തെക്കുറിച്ചു കൂടുതൽ വായിച്ചറിയുവാൻ ആഗ്രഹിക്കുന്നവർക്ക് താഴെ പറയുന്ന പുസ്തകങ്ങൾ മുതൽക്കൂട്ടായേക്കും. ഇനി ചില ലേഖനങ്ങൾ മറ്റു സഹോദരങ്ങൾ മലയാളത്തിലേക്ക് വിവർത്തനം ചെയ്തിട്ടുമുണ്ട്. അവ ഇന്റർനെറ്റിൽ സുലഭവുമാണ്.

1) നുബ്ദ മുഖ്തസറഹ് മിൻ നസാഇഹ് വാലിദീ - ഉമ്മ് അബ്ദില്ലാഹ് അൽ-വാദിഈയ്യ
2) ഷെയ്ഖ് മുഖ്ബിൽ ഇബ്നു ഹാദീ അൽ-വാദിഈ റഹ്മതുല്ലാഹി അലയ്ഹി വാ ദാറുൽ ഹദീഥ് ദമ്മാജ് - മുഅമ്മർ അബ്ദുൽജലീൽ അൽ-ഖദസി
3) അൽ-ബയാൻ അൽ-ഹിസന് ബി തർജമത് അൽ-ഇമാം അൽ-വാദിഈ വാ മാ അഹ്യാഹു മിൻ അൽ-സുനന് - അബ്ദുൽഹമീദ് ഇബ്നു യഹ്യ അൽ-ഹജൂരി
4) അൽ-ബദ്ർ അൽ-തമാം ഫീ രിസാഇ ഷെയ്ഖ് അൽ-ഇസ്ലാം അൽ-ഇമാം - യഹ്യ ഇബ്നു അലി അൽ-ഹജൂരി
5) അൽ-ഇമാം മുഖ്ബിൽ ഇബ്നു ഹാദീ അൽ-വാദിഈ സീറത്തിഹി അൽ-ദാത്തിയ വാ അൽ-ദാഅവിയ്യ - അഹ്മദ് ഇബ്നു മുഹമ്മദ് അൽ-അദനി

---

[13] നുബ്ദഹ് മുഖ്തസറഹ് ഫീ നസാഇഹ് വാലിദീ - ഉമ്മ് അബ്ദില്ലാഹ് അൽ-വാദിഈയ്യ - 46

“…കനപ്പെട്ട് ഗ്രന്ഥങ്ങള് നല്കിയിട്ടുമില്ല.”

ഇത്രയും ചെറിയ ഒരു കമെന്റിൽ എത്രയധികം നുണകളാണ് അടങ്ങിയിരിക്കുന്നതു?

പരിശുദ്ധ ഖുർആനിൽ അല്ലാഹു (سبحانه و تعالى) പറയുന്നു

“الَّذِي خَلَقَ الْمَوْتَ وَالْحَيَاةَ لِيَبْلُوَكُمْ أَيُّكُمْ أَحْسَنُ عَمَلاً وَهُوَ الْعَزِيزُ الْغَفُورُ”

അല്ലാഹു പറയുന്നു “നിങ്ങളില് ആരാണ് കൂടുതല് നന്നായി പ്രവർത്തിക്കുന്നവൻ എന്ന് പരീക്ഷിക്കുവാന് വേണ്ടി മരണവും ജീവിതവും സൃഷ്ടിച്ചവനാകുന്നു അവന്. അവന് പ്രതാപിയും ഏറെ പൊറുക്കുന്നവനുമാകുന്നു.”[14]

ഇതിന്റെ തഫ്സീറിൽ ഇബ്നു കഥീർ (رحمه الله), ഖതാദ (رحمه الله) പറഞ്ഞതായി ഉദ്ധരിക്കുന്നു, "അതായത് കൂടുതൽ നല്ല അമലുകൾ", മുഹമ്മദ് ഇബ്നു അജ്ലാൻ പറഞ്ഞതു പോലെ, “കൂടുതൽ അമലുകൾ എന്നല്ല”.

“أيكم أحسن عملا و لم يقل أكثر عملا”

ഇമാം ഇബ്നു അൽ-ഖയ്യിം (رحمه الله) പറഞ്ഞു: “അല്ലാഹുവിന്റെ തൃപ്തിക്കും ഇഷ്ടത്തിനും ചേർന്ന് വരുന്നതായ, ഏറ്റവും ഇഖ്ലാസോടും നേര്മാര്ഗത്തിലുമുള്ള (സുന്നത്തനുസരിച്ചുള്ള)-തുമായ പ്രവർത്തി, അത് വളരെ കുറഞ്ഞ അളവിലാണെങ്കിലും അതാണുത്തമം. അല്ലാതെ ഈ ഗുണങ്ങളിൽ നിന്നൊഴിഞ്ഞവയിൽ അധികരിക്കലല്ല…"[15]

അത് കൊണ്ട് 'കനപ്പെട്ട്' എന്ന് ഉദ്ദേശിച്ചത് എണ്ണത്തെയാണെങ്കിൽ, മനസ്സിലാക്കുക, ഇഖ്ലാസും തിരുസുന്നത്തിന്റെ അനുധാവനവും ആണ് പ്രധാനം, ഇവ രണ്ടും കൂടാതെ എണ്ണം വർധിപ്പിച്ചത് കൊണ്ട് മാത്രം പ്രത്യേകിച്ച് ഗുണമൊന്നുമില്ല. ഇനി എണ്ണത്തിൽ കാര്യമുണ്ടെന്നു തന്നെ വെക്കുക, ദാറുൽ ഹദീഥ് ദമ്മാജിലെ ശൈഖുമാരുടെ പുസ്തകങ്ങളുടെ പ്രധാന-പ്രസാധകരിൽ ഒന്നായ സന'ആ-യിലെ ‘ദാറുൽ ആഥാർ’ മാത്രം

[14] അൽ-മുൽക്:2

[15] മനാറുൽ മുനീഫ് ഫിൽ സ്വഹീഹ് വൽ ദഈഫ്:12

അദ്ദേഹത്തിന്റെ 36 പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.[16]

ഇനി ഉള്ളടക്കത്തിന്റെ 'കനം' തന്നെയാണ് ഉദ്ദേശിച്ചതെങ്കിൽ മുൻപ് ഞാൻ സൂചിപ്പിച്ചതു പോലെ ഗവേഷണത്തിലെ അശ്രദ്ധയും ആത്മാർത്ഥതക്കുറവും തന്നെയാണിത്. അതിന്റെ കൂടെ ഇപ്പോൾ സ്ഥിരം പല്ലവിയായിരിക്കുന്ന അപവാദ പ്രചാരണവും. ഷെയ്ഖ് മുഖ്ബിലിന്റെ പുസ്തകങ്ങൾ ഇസ്‌ലാമിന്റെ വിവിധ പഠന-ശാഖകൾക്ക് വിലപ്പെട്ട സംഭാവനകൾ തന്നെയാണ്. അതിൽ ചിലതു മാത്രം പരിചയപ്പെടുത്തുന്നു.[17]

(തഫ്സീർ)

1) അൽ-സഹീഹ് അൽ-മുസ്നദ് മിൻ അസ്ബാബ് അൽ-നുസൂൽ - വിവിധ ആയത്തുകളുടെ അവതാരണ സാഹചര്യങ്ങളെ പ്രതിപാധിക്കുന്ന സഹീഹായ ഹദീഥുകൾ ക്രോഡീകരിച്ചിരിക്കുന്നു.
2) ഇബ്നു കഥീറിന്റെ തഫ്സീർ ആദ്യ 2 വാള്യങ്ങളുടെ പരിശോധന

(അഖീദ - വിശ്വാസം)

3) അൽ-ജാമിഅ അൽ-സഹീഹ് ഫിൽ ഖദർ - ഖദ്റിനെ കുറിച്ച് വന്നിട്ടുള്ള സഹീഹായ ഹദീഥുകളുടെ ക്രോഡീകരണം
4) അൽ-ഷഫാ'അ - ഷഫാ'അത്തിനെ കുറിച്ചുള്ള വിശദീകരണം, ഹദീഥുകൾ.
5) ഹാദിഹി ദാഅവത്തുനാ വാ അഖീദതുനാ - അഹ്ലുസുന്നയുടെ വിശ്വാസം, മന്ഹജ് ചുരുക്കത്തിൽ
6) റുദൂദ് അഹ്ലുൽ-ഇൽമ് ആലാ ത്വാഇനീന ഫീ ഹദീഥിൽ-സിഹ്ർ - സിഹ്റിന്റെ ഹദീഥ് നിഷേധിക്കുന്നവർക്കുള്ള മറുപടി.

(ഹദീഥും അതിന്റെ ഉസൂലുകളും)

7) അൽ-സഹീഹ് അൽ-മുസ്നദ് മിൻ മാ ലയ്സ ഫിസ്-സഹീഹൈയ്ൻ - ബുഖാരി-മുസ്ലിം സഹീഹുകളിൽ ഇല്ലാത്ത, എന്നാൽ സഹീഹ് ആയ ഹദീഥുകളുടെ സനദ് അനുസരിച്ചുള്ള ക്രോഡീകരണം. ഇത് ഫിഖ്ഹ് മസ്'അലകൾക്കനുസരിച്ചു തരം

---

16 http://www.dar-alathar.com/list.php?listby=5&autID=1&page=1

17 കൂടുതൽ പുസ്തകവിവരങ്ങൾ - http://aloloom.net/vb/showthread.php?t=15511

തിരിച്ചു 'അൽ-ജാമി'അ അൽ-സഹീഹ്' എന്ന പേരിൽ ആറു വാല്യങ്ങളായും ഇറങ്ങിയിട്ടുണ്ട്.
8) തറാജിം രിജാലിൽ ഹാകിം - ഹാകിം പ്രതിപാദിച്ചിട്ടുള്ള, എന്നാൽ ഇബ്നു ഹജർ തന്റെ തഹ്ദീബ് അൽ-തഹ്ദീബിൽ പ്രതിപാധിക്കാത്ത റാവിമാരെക്കുറിച്ചു 2 വാല്യം.
9) തറാജിം രിജാലിൽ ദാറഖുത്നി - ദാറഖുത്നി പ്രതിപാദിച്ചിട്ടുള്ള, എന്നാൽ ഇബ്നു ഹജർ തന്റെ തഹ്ദീബ് അൽ-തഹ്ദീബിൽ പ്രതിപാധിക്കാത്ത റാവിമാരെക്കുറിച്ചു.
10) അഹാദീഥ് മു'അല്ല ളാഹിരുഹാ സിഹ്ഹ - പുറമെ സഹീഹ് എന്ന് തോന്നുന്ന എന്നാൽ 'ഇലൽ' ബാധിച്ച ഹദീഥുകളുടെ ക്രോഡീകരണം.
11) അൽ-സയറുൽ ഹസീസ് ശർഹ് ഇഖ്തിസാർ ഉലൂം അൽ-ഹദീഥ് - ഇബ്നു കഥീറിന്റെ പ്രസിദ്ധ മുസ്തലഹ് ഗ്രന്ഥത്തിന്റെ വിവരണം.

(ഫിഖ്ഹ്)

12) അൽ-ജം'ഉ ബൈന അൽ-സലാത്തയ്നി ഫിൽ-സഫർ - യാത്രക്കാരുടെ നമസ്കാരം സംബന്ധിച്ചത്.
13) അൽ-ഷർ'ഇയ്യതി അൽ-സലാത് ഫിൽ-നിആൽ - പാദരക്ഷകൾ ധരിച്ചു കൊണ്ടുള്ള നമസ്കാരം സംബന്ധിച്ചത്.
14) ഹുക്മു തസ്വീർ ധവാത്ത് അൽ-അർവാഹ് - ആത്മാവുള്ളവയുടെ ചിത്രങ്ങൾ നിർമ്മിക്കുന്നത് സംബന്ധിച്ചത്.

ഈ പഠനശാഖകൾ പഠിക്കുന്നവർക്കും പഠിപ്പിക്കുന്നവർക്കും ഈ പുസ്തകങ്ങളുടെ മൂല്യം മനസ്സിലാകുക തന്നെ ചെയ്യും. പ്രത്യേകിച്ച് ഹദീഥ് നിരൂപണം, അതിന്റെ നിദാനശാസ്ത്രം, രിജാലുകളെക്കുറിച്ചുള്ള അറിവ് എന്നത് സൂക്ഷ്മപ്രയത്നം അനിവാര്യമായ മേഖലകളാണ്.

ഇന്ന് ജീവിച്ചിരിക്കുന്ന ലോക ഹദീഥ് പണ്ഡിതരിൽ പ്രമുഖനും പതിറ്റാണ്ടുകളായി മക്കയിലെ പരിശുദ്ധ ഹറം പള്ളിയിലെ ഹദീഥ് അധ്യാപകനുമായ ഷെയ്ഖ് മുഹമ്മദ് ഇബ്നു അലീ ഇബ്നു ആദം അൽ-ഇത്യോപ്പീ, സുനൻ അൽ-നസാഈ-യുടെ 41വാല്യമുള്ള തന്റെ പ്രസിദ്ധ-വ്യാഖ്യാനമായ 'ദഖീറത്തുൽ ഉഖ്ബാ ശർഹു സുനനിൽ മുജ്തബാ' എന്ന 'കനപ്പെട്ട' ഗ്രന്ഥത്തിന് ആമുഖമെഴുതാൻ തെരഞ്ഞെടുത്തത് ഷെയ്ഖ് മുഖ്ബിൽ അൽ വാദിഈ എന്ന ഈ മുഹദ്ദിസിനെ ആയിരുന്നു. ഹദീസിന്റെ വിഷയത്തിൽ കോപ്പുള്ളവരെയും ഇല്ലാത്തവരെയും തിരിച്ചറിയുക എന്നത് ആ വിഷയം അറിയുന്നവർക്ക് വിട്ടു കൊടുക്കുന്നതല്ലേ ഒരു മാന്യത?

അതിനാൽ തിരുസുന്നത്തിന്റെ സേവനത്തിനായി ജീവിതം നീക്കി വെച്ചവരെ ആദരിച്ചില്ലെങ്കിലും പഴിക്കരുത്. ചില സലഫുകൾ പറഞ്ഞതായി കേൾക്കാം,

اغد عالما او متعلما او مستمعا او محبا و لا تكن الخامس فتهلك

"നീയൊരു പണ്ഡിതനാകുക, അല്ലെങ്കിൽ ഒരു വിദ്യാർത്ഥി, അല്ലെങ്കിൽ ഒരു ശ്രോതാവ്, അതുമല്ലെങ്കിൽ അവരെ സ്നേഹിക്കുന്നവനെങ്കിലും...അഞ്ചാമതൊന്നാകരുത് നീ പിഴച്ചുപോയേക്കാം”.[18]

ഈ പുസ്തകങ്ങൾ കൂടാതെ വേറെയും നിരവധി ഗ്രന്ഥങ്ങളും, ലേഖനങ്ങളും, ഖണ്ഡനങ്ങളും, ചോദ്യോത്തരങ്ങളും, ഗ്രന്ഥ-പരിശോധനകളും, ആയിരക്കണക്കിന് മണിക്കൂറുകൾ നീണ്ടു നിൽക്കുന്ന ഓഡിയോ റെക്കോർഡിങ്ങുകളും ആണ് ഷെയ്ഖ് അവർകൾ വിദ്യാർത്ഥികൾക്കായി ബാക്കി വെച്ചിട്ടുള്ളത്. അല്ലാഹു അത് സ്വീകരിക്കുമാറാകട്ടെ!

---

[18] ത്വബ്റാനി, ബസ്സാർ, ബൈഹഖി എന്നിവർ അബു ദർദാ-യിൽ നിന്ന് റിപ്പോർട്ട് ചെയ്തത്. ഹദീഥ് എന്ന നിലയിൽ പറയാറുണ്ടെങ്കിലും സനദ് ദുർബലം ആണെന്ന് ഉലമാക്കൾ പറഞ്ഞിട്ടുണ്ട്. എന്നാൽ സലഫുകളിൽ നിന്ന് സ്ഥിരപ്പെട്ടതു.

“മുഖ്ബിലിനെ ജീവനോടെ കണ്ട മലയാളികളും അപൂർവമാണ്. പിന്നെ എങ്ങനെയാണ് മൂപ്പര് കേരളത്തിലെ മുസ്ലിംകള്ക്ക് ഒരു റഫറന്സ് ആയി മാറുന്നത്?”

ഇത് കൊണ്ട് എന്താണ് ഉദ്ദേശിക്കുന്നത് എന്ന് മനസ്സിലാകുന്നില്ല. ഒരാളുടെ സ്വാധീനം അയാളെ നേരിട്ടു കാണലുമായി ബന്ധപ്പെട്ടാണോ ഇസ്‌ലാമിൽ നിലനിൽക്കുന്നത്? ഇതൊരു പ്രശ്നം നിറഞ്ഞ വാതിലാണല്ലോ!! ഹദീഥ് നിദാനശാസ്ത്രത്തിൽ നേരിട്ട് കാണലിനു ചില പ്രത്യേകതകൾ ഉണ്ടെങ്കിലും ഹദീഥിന്റെ ഉദ്ധാരണത്തെയും സനദിനെയും മാത്രം ബാധിക്കുന്ന വിഷയമാണത്. എന്നാൽ ഒരാളുടെ ആദർശത്തിൽ വിശ്വസിക്കുവാനും നയങ്ങൾ പിൻപറ്റുവാനും അത്തരത്തിലുള്ള ശർത്തുകൾ ഒന്നുമില്ല. ഇന്നത്തെ മുജാഹിദ് പ്രസ്ഥാനത്തിന്റെ നേതാക്കൾ അതിന്റെ ആദർശപിതാക്കൾ എന്നവകാശപ്പെടുന്ന ഇബ്നു തയ്മിയ്യയെയോ, മുഹമ്മദ് ഇബ്നു അബ്ദുൽ വഹ്ഹാബിനെയോ (رحمهما الله) നേരിട്ട് കണ്ടിരുന്നോ?

അബു ഹുറൈറ(رضي الله عنه)-വിൽ നിന്ന് ബുഖാരിയും മുസ്ലിമും റിപ്പോർട്ട് ചെയ്ത ഹദീഥിൽ കാണാം, "ഒരുമിച്ചു ചേർത്ത ഒരു സൈന്യത്തെ പോലെയാണ് ആത്മാവുകൾ, അവയിൽ തമ്മിൽ പരിചയമുള്ളവ (സമാനഗുണങ്ങളുള്ളവ) ഒത്തിണങ്ങുന്നു…”

ഇമാം നവവി (رحمه الله) ഇതിന്റെ വിവരണത്തിൽ പറയുന്നു: "ചില ഉലമാക്കൾ പറഞ്ഞു, ഒന്നിച്ചു ചേർക്കപ്പെട്ട ഒരു സംഘം അല്ലെങ്കിൽ പല തരത്തിലുള്ള സംഘങ്ങൾ. അവർ തമ്മിലുള്ള സാമ്യം അവരിൽ അല്ലാഹു ഒരുക്കി വച്ചിരിക്കുന്ന ഒന്നാണ്. അല്ലെങ്കിൽ അല്ലാഹു അവരിൽ തന്നെ സൃഷ്ടിച്ചിട്ടുള്ള സമാനമായ വിശേഷങ്ങളാലുമാകാം..."[19]

അത് കൊണ്ട് തന്നെ “റസൂലുല്ലാഹ് (صلى الله عليه و سلم)-യുടെ സുന്നത്, അതിനെ പല്ലുകൊണ്ടു കടിച്ചു പിടിക്കേണ്ടി വന്നാലും, നാം വിട്ടു കളയുകയില്ല"[20] എന്നും "നമ്മുടെ ഇമാമും നേതാവും ഷഫീഅ-യും റസൂലുല്ലാഹ് (صلى الله عليه و سلم) ആണ്. അതിനാൽ ഇവിടെയുള്ളവരെയും ഇല്ലാത്തവരെയും ഇതറിയിക്കുക"[21] എന്നും ഷെയ്ഖ് മുഖ്ബിൽ പ്രസ്താവിച്ചപ്പോൾ സംഘടനാ-നേതൃത്വങ്ങളെയും പാർട്ടി നേതാക്കന്മാരെയും ഉപേക്ഷിച്ചു, സുന്നത്തിനെ ആത്മാർത്ഥമായി സ്നേഹിക്കുന്ന ഒരു കൂട്ടം മലയാളികളും അദ്ധേഹത്തിന്റെ ദഅ'വത്തിനു സ്വീകാര്യത നൽകി എന്നത് തീരെ ആശ്ചര്യം

---

[19] ശർഹ് സഹീഹി മുസ്ലിം - 16/185

[20] നുബ്ദ മുഖ്തസറഹ് മിൻ നസാഇഹ് വാലിദീ - 26

[21] അൽ-മസാരി’അ - 279

ജനിപ്പിക്കുന്നതല്ല. അദ്ദേഹം പറഞ്ഞു: "സത്യത്തിന്റെ വാചകം നാം പറയുക തന്നെ ചെയ്യും, ഇനി നിങ്ങൾ എനിക്ക് നേരെയൊരു പീരങ്കി തിരിച്ചാലും. സത്യത്തിന്റെ വാചകം നാം പറയുക തന്നെ ചെയ്യും."[22]

ഇൽമ് നേടാനായി എവിടെ പോകണം എന്ന് തന്നോട് ചോദിച്ച ഒരു വിദ്യാർത്ഥിയെ ഉപദേശിച്ചു കൊണ്ട് ഇമാം അൽബാനി (رحمه الله) പറഞ്ഞു, "അങ്ങ് യെമെനിൽ നമ്മുടെ സഹോദരൻ ഷെയ്ഖ് മുഖ്ബിൽ ഇബ്നു ഹാദീ അൽ-വാദിഈ-യുടെ കീഴിൽ ഒരു സ്ഥാപനമുണ്ട്. അദ്ദേഹം തന്നെയാണ് അവിടെ പഠിപ്പിക്കുന്നതും. അവിടേക്കു പോകുവാൻ ഞാൻ നിന്നെ ഉപദേശിക്കുന്നു. അതിൽ കാലതാമസം അരുത് എന്തെന്നാൽ അത് ശൈതാനിൽ നിന്നുള്ളതാണ്."[23]

ഇന്ന് കേരള-മുസ്ലിങ്ങൾക്ക് കേരള-പണ്ഡിതന്മാരും അറബികൾക്ക് അവരുടെയാളുകളും എന്നൊരു വാദം ഉയർന്നു വരുന്നതായി കാണുന്നു. അത് തീരെ വികലമായ ഒരു വാദവുമാണ്. അറേബിയയിൽ മുഖം മറക്കുന്ന പർദ്ദയാവാം എന്നാൽ കേരളത്തിൽ വേണ്ടതില്ല എന്നുള്ള തരത്തിലുള്ള പിഴച്ച വാദങ്ങളും അങ്ങിനെ ഉണ്ടായിട്ടുള്ളതാണ്. സ്ത്രീയുടെ ഔറത്ത്, പരിശുദ്ധി, സദ്ഗുണം എന്നിവയുമായി ബന്ധപ്പെട്ടുള്ളതാണ് പർദ്ദ. അല്ലാതെ കാലാവസ്ഥയും വെയിലും കാറ്റും അല്ല മുഖം മറക്കാനുള്ള വഹ്യ് ഇറങ്ങാനുള്ള സബബുകൾ. അതിനാൽത്തന്നെ അത് ലോകത്തെവിടെയായാലും ഹുക്മിൽ മാറ്റം വരുന്നില്ല. ഇസ്‌ലാം ലോകർക്കെല്ലാമായി എത്തിയ സന്ദേശമാണ്. അതിന്റെ വിധി-വിലക്കുകൾ എല്ലാ കാലത്തേക്കും എല്ലാ ദേശത്തേക്കും അടിസ്ഥാനപരമായി സമമാണ്. അതിന്റെ വിഷാദശാംശങ്ങളിലേക്കു കടക്കുവാനുള്ള സന്ദർഭം അല്ല.

---

[22] അൽ-മസാരി'അ - 539

[23] ഷെയ്ഖ് മുഖ്ബിൽ ഇബ്നു ഹാദീ അൽ-വാദിഈ റഹ്മതുല്ലാഹി അലയ്ഹി വ ദാറുൽഹദീഥ് ദമ്മാജ് - 80

“സ്വന്തം വീടും, കുടുംബവും ഉപേക്ഷിച്ചു വന്ന അരാജകവാദികളായിരുന്നു മുഖ്ബിലിന്റെ അനുയായികള്. പ്രായമായ സ്വന്തം മാതാപിതാക്കളെ തന്നെയും പരിചരിക്കാന് ഭാഗ്യം കിട്ടാത്ത സ്വര്ഗ്ഗാന്വേഷികള്. അവരെങ്ങനെയാണ് മുസ്ലിംകള്ക്ക് മാതൃകകള് അവശേഷിപ്പിക്കുക?”

എത്ര വലിയ അപരാധം ആണിത്! ഇതാണോ നിങ്ങൾ പ്രതിനിധീകരിക്കുന്നു എന്ന് പറയുന്ന സത്യത്തിന്റെ ആളുകളുടെ പ്രവർത്തി?

“قُلْ هَاتُوا بُرْهَانَكُمْ إِنْ كُنتُمْ صَادِقِينَ”

“പറയുക; നിങ്ങള് സത്യവാന്മാരാണെങ്കില് (അതിന്ന്) നിങ്ങള്ക്ക് കിട്ടിയ തെളിവ് കൊണ്ടു വരൂ എന്ന്.”[24]

നാളെ ഖിയാമത് നാളിൽ എത്ര പേരുടെ ഭാരങ്ങൾ താൻ പേറേണ്ടതായി വരുമെന്ന് ഓർത്തു കൂടെ? നാക്കിന്റെ ദൂഷ്യത്തെ പറ്റി താക്കീത് നൽകുന്ന എത്രയെത്ര ഹദീഥുകളാണുള്ളത്. എത്രയെത്ര ഗ്രന്ഥങ്ങളാണ് ആ വിഷയത്തിൽ രചിക്കപ്പെട്ടിട്ടുള്ളത്.

“يَا أَيُّهَا الَّذِينَ آمَنُوا كُونُوا قَوَّامِينَ لِلَّهِ شُهَدَاءَ بِالْقِسْطِ وَلاَ يَجْرِمَنَّكُمْ شَنَآنُ قَوْمٍ عَلَى أَلاَّ تَعْدِلُوا اعْدِلُوا هُوَ أَقْرَبُ لِلتَّقْوَى وَاتَّقُوا اللَّهَ إِنَّ اللَّهَ خَبِيرٌ بِمَا تَعْمَلُونَ”

“സത്യവിശ്വാസികളേ, നിങ്ങള് അല്ലാഹുവിന്ന് വേണ്ടി നിലകൊള്ളുന്നവരും, നീതിക്ക് സാക്ഷ്യം വഹിക്കുന്നവരുമായിരിക്കുക. ഒരു ജനതയോടുള്ള അമര്ഷം നീതി പാലിക്കാതിരിക്കാന് നിങ്ങള്ക്ക് പ്രേരകമാകരുത്. നിങ്ങള് നീതി പാലിക്കുക. അതാണ് ധര്മ്മനിഷ്ഠയോട് ഏറ്റവും അടുത്തത്. നിങ്ങള് അല്ലാഹുവെ സൂക്ഷിക്കുക. തീര്ച്ചയായും നിങ്ങൾ പ്രവർത്തിക്കുന്നതിനെ കുറിച്ചെല്ലാം അല്ലാഹു സൂക്ഷ്മമായി അറിയുന്നവനാകുന്നു.”[25]

ഷെയ്ഖ് മുഖ്ബിലിനു ശേഷം ദമ്മാജിലെ പ്രധാന അധ്യാപകനായിരുന്ന ഷെയ്ഖ് യഹ്യ അൽ-ഹജൂരി (حفظه الله) തന്റെ അറിവ് തേടിയുള്ള യാത്രയെക്കുറിച്ചു പറയുന്നു,

[24] അൽ-ബഖറ:111

[25] അൽ-മാഇദ:8

"...അങ്ങിനെ (സൗദിയിൽ ആയിരുന്നപ്പോഴാണ്) നാം അല്ലാമാ മുഖ്ബിൽ ഇബ്നു ഹാദീ അൽ-വാദിഈ (رحمه الله)-യെ കുറിച്ച് കേൾക്കുന്നത്. അദ്ദേഹം ഒരു സലഫി പണ്ഡിതൻ ആണെന്നും അല്ലാഹുവിന്റെ കിതാബും റസൂലിന്റെ (صلى الله عليه و سلم) സുന്നത്തും ദമ്മാജിൽ(അല്ലാഹു അതിനെ സംരക്ഷിക്കുകയും അതിന്റെ ആളുകൾക്ക് തൗഫീഖ് നൽകുകയും ചെയ്യട്ടെ) - അതായത് സആദയിലെ ഒരു ഗ്രാമത്തിൽ - പഠിപ്പിക്കുന്നു എന്നും. അങ്ങിനെ ഹിജ്റ വർഷം 1405-ഇൽ ഞാൻ അദ്ദേഹത്തെ, അദ്ധേഹത്തിന്റെ വീട്ടിൽ വെച്ച് കണ്ടുമുട്ടി. എന്റെ കൂടെ എന്റെ പിതാവും ഉണ്ടായിരുന്നു. എന്നെ നല്ലതു പോലെ നോക്കുവാൻ ശൈഖിനോട് അപേക്ഷിച്ചിട്ടു അദ്ദേഹം പോകുകയും ചെയ്തു. പിന്നീട് വല്ലപ്പോഴും സാമ്പത്തികമായി എന്നെ സഹായിക്കുന്നതും തുടർന്ന് പൊന്നു."[26]

ഇന്നും ശൈഖ് യഹ്യയും അദ്ധേഹത്തിന്റെ മാന്യപിതാവും അല്ലാഹുവിന്റെ പുണ്യഗേഹത്തിന്റെ നാട്ടിൽ, മക്കയിൽ, അല്ലാഹുവിന്റെ ദീനിനെ സേവിച്ചു കഴിയുന്നതിന് അദ്ധേഹത്തിന്റെ ശിഷ്യന്മാർ സാക്ഷിയാണ്.

ഷെയ്ഖ് മുഖ്ബിലിന്റെ ശിഷ്യനും പിന്നീട് ദാറുൽ ഹദീഥിലെ അധ്യാപകനുമായിരുന്ന അബു ഹാതിം സഈദ് ദആസ് അൽ-യാഫിഈ (رحمه الله)-യുടെ ജീവചരിത്രത്തിൽ കാണാം. "മഅബറിലെ ദാറുൽ ഹദീഥിൽ ഒരു വർഷം നിന്ന് ഖുർആൻ ഹിഫ്ദ്ധ് പൂർത്തിയാക്കിയ ശേഷം അദ്ദേഹം തന്റെ കുടുംബ വീട്ടിലേക്കു മടങ്ങി. അവർ ജീവിത പ്രയാസങ്ങളാൽ തങ്ങളുടെ താമസം യാഫ്അയിൽ നിന്ന് അദനിലേക്ക് മാറിയ സന്ദർഭത്തിലായിരുന്നു അത്. കുറച്ചു കാലം അവിടെ കഴിച്ചുകൂട്ടിയ ശേഷം അദ്ദേഹം ദമ്മാജിലെക്കു പുറപ്പെട്ടു. എന്നാൽ വീട്ടിലെ പ്രയാസങ്ങളാൽ പല തവണ തിരിച്ചു പോകേണ്ടതായ് വന്നു....ദമ്മാജിലായിരുന്നപ്പോൾ ഇമാം നവവിയുടെ റിയാദുസ്സാലിഹീനിൽ നിന്നും ചില ഭാഗങ്ങൾ പഠിക്കുവാൻ അദ്ദേഹത്തിന് സാധിച്ചിരുന്നു. തന്റെ കുടുംബത്തെയും അവർ നേരിട്ട് കൊണ്ടിരുന്ന കഠിനമായ പ്രയാസങ്ങളെയും ഞെരുക്കങ്ങളെയും കണ്ട അദ്ദേഹം അവർക്കു അതിലെ ക്ഷമയുടെ അധ്യായത്തിൽ നിന്നും പഠിപ്പിച്ചു കൊടുത്തു. അദ്ധേഹത്തിന്റെ പിതാവിനെ അത് സന്തോഷിപ്പിച്ചു. തന്റെ മകൻ നൽകിയ പാഠത്തിൽ ആ പിതാവ് വലിയ ഇഷ്ടം പ്രകടിപ്പിക്കുകയും ചെയ്തു. അവരുടെ ദുരിതങ്ങൾ മാറി സന്തോഷമെത്തുകയും ചെയ്തു...മകന്റെ അറിവിലുള്ള മേന്മ കണ്ട അദ്ധേഹത്തിന്റെ മാതാവ് അദ്ദേഹത്തെ പഠനം തുടരാനായി പ്രചോദിപ്പിക്കുകയും ചെയ്തു...അവരുടെ കാതിലണിഞ്ഞിരുന്ന കമ്മൽ വിറ്റ് അവർ മകന് പലഹാരങ്ങളും കൊടുത്തയക്കുമായിരുന്നു…"[27]

---

[26] (http://www.sh-yahia.net/show_news_10.html)

[27] തർജമത്തു അൽ-ഷെയ്ഖ് അൽ-മിഫ്ദാൽ അബീ ഹാതിം - അബീ ജാബിർ/അബീ മുഹമ്മദ്

സുബ്ഹാൻ അല്ലാഹ് !!! ഇതാണോ അരാജകത്വം! ഇവരാണ് ഞങ്ങളുടെ മാതൃകകൾ എന്ന് പറയാൻ ലവലേശം മടി ഞങ്ങൾക്കില്ല തന്നെ!

ദമ്മാജിൽ നിന്നും ഈ വിഷയത്തിൽ പുറത്തു വന്നിട്ടുള്ള പുസ്തകങ്ങളും ഉപദേശങ്ങളും പ്രഭാഷണങ്ങളും അനവധിയാണ്. ഉദാഹരണത്തിന് ഷെയ്ഖ് കമാൽ ഇബ്നു ഥാബിത് അൽ-അദനി (رحمه الله) രചിച്ച 'ത്വലബുൽ ഇല്മു വ ബിർറുൽ വാലിദൈൻ' എന്ന ഗ്രന്ഥം.

“يا أيها الذين آمنوا لا يسخر قوم من قوم عسى أن يكونوا خيراً منهم”

‘‘സത്യവിശ്വാസികളേ, ഒരു ജനവിഭാഗം മറ്റൊരു ജനവിഭാഗത്തെ പരിഹസിക്കരുത്. ഇവർ (പരിഹസിക്കപ്പെടുന്നവർ) അവരെക്കാള് നല്ലവരായിരുന്നേക്കാം”[28]

ഇനി മറ്റൊരു വസ്തുത കൂടി മനസ്സിലാക്കുക, സഹോദരങ്ങളെ. ദമ്മാജിൽ പലരും കുടുംബങ്ങളായി തന്നെയാണ് നിന്നിരുന്നത്. തങ്ങളുടെ മാതാ-പിതാക്കളെ കൂടെത്താമസിപ്പിക്കുവാൻ കഴിവുള്ളവർ അത് തന്നെയാണ് ചെയ്തത്. എന്നാൽ പുറം ദേശങ്ങളിൽ നിന്ന് വന്നവരെ സംബന്ധിച്ചു അത് പലപ്പോഴും പ്രയാസമേറിയതായിരുന്നു. ചിലർക്ക് സാമ്പത്തിക പ്രയാസങ്ങളായിരുന്നെങ്കിൽ മറ്റു ചിലർക്ക് തടസം അവരുടെ മാതാ-പിതാക്കൾ മുസ്ലിങ്ങളെ ആയിരുന്നില്ല എന്നതായിരുന്നു. ബ്രിട്ടൻ, കാനഡ, അമേരിക്ക പോലുള്ള രാജ്യങ്ങളിൽ നിന്ന് വന്ന ഒരു വലിയ അംശം ആളുകളും ഇസ്ലാം സ്വീകരിച്ചു വന്നവരായിരുന്നു. അതിൽ ചിലർക്കെങ്കിലും തങ്ങളുടെ അമുസ്ലിങ്ങളായ മാതാപിതാക്കളുടെ ആഗ്രഹത്തിനെതിരായി ദമ്മാജിലെക്കു പോകേണ്ട അവസ്ഥ വന്നിട്ടുമുണ്ട്. അത് തീർത്തും ഹറാം എന്ന് പറയാൻ ആകില്ല.

ഷെയ്ഖ് ഇബ്നു ഉതയ്മീൻ (رحمه الله)-നോട് ചോദിക്കപ്പെട്ടു: ഒരു വിദ്യാർത്ഥി അവന്റെ മുസ്ലിം സഹോദരങ്ങളോടൊത്തു അറിവ് നേടുന്നതിനായി യാത്ര ചെയ്യുവാൻ ആഗ്രഹിക്കുന്നു. അവനു തടസ്സമായുള്ളതു അവന്റെ കുടുംബവും മാതാപിതാക്കളുമാണ്. അങ്ങനെയെങ്കിൽ അവന്റെ യാത്രയുടെ വിധി എന്താണ്?

ഉത്തരം: “അവന്റെ സാന്നിധ്യം അവിടെ അത്യാവശ്യമെങ്കിൽ അതാണ് അവനു ഏറ്റവും നല്ലതു. ചിലപ്പോൾ അവനു അവിടെ നിന്നുകൊണ്ട് തന്നെ ഇൽമ് നേടാൻ സാധിച്ചേക്കാം. തീർച്ചയായും മാതാപിതാക്കളോട് കാരുണ്യം

[28] അൽ-ഹുജുറാത്ത്:11

കാണിക്കുകയെന്നതാകുന്നു അല്ലാഹുവിന്റെ മാർഗത്തിലുള്ള ജിഹാദിനെക്കാൾ മുന്നിട്ടു നിൽക്കുന്നത്. ഇൽമ് നേടുകയെന്നതും ഒരു ജിഹാദ് ആണ്, അത് കൊണ്ട് മാതാപിതാക്കളുടെ ആവശ്യങ്ങൾ നിറവേറ്റി അവരോടു കാരുണ്യം പ്രവർത്തിക്കുന്നതിന് ഇല്മിനായി യാത്ര ചെയ്യുന്നതിനേക്കാൾ പ്രാധാന്യമുണ്ട്.

ഇനിയവർക്കു അത്തരത്തിൽ അവശ്യങ്ങൾ ഇല്ലെങ്കിൽ, അവനു ഇല്മു നേടുന്നതിന്റെ ആവശ്യം വലുതുമെങ്കിൽ അവൻ പോകുന്നതിനു അത്തരം സന്ദർഭത്തിൽ കുഴപ്പമൊന്നുമില്ല. അതോടൊപ്പം തന്നെ അവൻ തന്റെ മാതാപിതാക്കളോടുള്ള കർത്തവ്യങ്ങൾ മറക്കാതിരിക്കുകയും അവൻ തിരിച്ചു വരുന്നതോടു കൂടി അവർക്കു മതിയാവോളം അവരെ പരിപാലിക്കേണ്ടതുമാണ്.

ഇനിയാവർക്കു ശറഈ ആയ ഇൽമിനോട് വെറുപ്പാണുള്ളതെങ്കിൽ അവരെ അനുസരിക്കേണ്ടതില്ല. പോകാനായി അവരോടു സമ്മതം തേടേണ്ടതും ഇല്ല. അവർക്കു അതിനോട് വെറുപ്പാണെന്നുള്ളത് കൊണ്ട് തന്നെ."[29]

സലഫുകളുടെ മഹത്തായ ചര്യകളിൽ പെട്ട ഒന്നാണ് അറിവിനായുള്ള യാത്ര. എത്രയെത്ര ഗ്രന്ഥങ്ങളാണ് ഈയൊരു മഹത്കർമത്തിന്റെ അഹ്കാമുകൾ വിവരിച്ചു കൊണ്ട് എഴുതപ്പെട്ടിട്ടുള്ളത്? അവർ കഷ്ടപെട്ടതിന്റെ ചെറിയൊരളവ് പോലും ഇന്നത്തെ യാത്രകൾക്ക് വേണ്ടി വരില്ല. ശുദ്ധമായ നിയ്യത്തും ദർസുകളിലുള്ള കഠിനാധ്വാനവും മാത്രം മതി. എന്നാലും അതിനെ തടയുവാനുള്ള മാര്ഗങ്ങള് ആലോചിക്കുവാനാണ് ആളുകൾക്ക് താത്പര്യം.

ഇനി കേരളത്തിൽ നിന്നും ദമ്മാജിൽ പോയവർ തന്നെ കുടുംബത്തോടെ പോയവരും, മാതാപിതാക്കളോടൊത്തു പോയവരും ഉണ്ട്. എന്നാൽ അവരുടെ സമ്മതം ചോദിക്കാനാകാതെ പോയ, ഇസ്ലാം സ്വീകരിച്ചവരുമുണ്ട്. തങ്ങളുടെ വിശ്വാസത്തിൽ നിന്നും മാറിയ ഒരു മകൻ, തങ്ങൾക്കു കേട്ടറിവ് പോലുമില്ലാത്ത ഒരു സ്ഥലത്തേക്ക് പോകുന്നുവെന്നു കേട്ടാൽ മാതാപിതാക്കൾ തടയാൻ ശ്രമിക്കുന്നത് സ്വാഭാവികം. തീർച്ചയായും തെറ്റുകൾ സംഭവിച്ചവരും കുറവുകളുള്ളവരും അക്കൂട്ടത്തിൽ ഉണ്ടായിരുന്നിരിക്കാം. അവരെ കണ്ടെത്തി ഉപദേശിക്കുകയോ ശക്തമായ താക്കീതു നൽകുകയോ ആണ് വേണ്ടത്. ആളുകളുടെ ജീവിത സാഹചര്യങ്ങളും ആവശ്യങ്ങളും കണക്കിലെടുക്കാതെ എല്ലാവരെയും നീചന്മാരും, ഉത്തരവാദിത്തങ്ങളിൽ നിന്നും

[29] കിതാബുൽ ഇൽമ്: 149

ഒളിച്ചോടുന്നവരുമാക്കാൻ ആരാണ് അനുവാദം നൽകിയിട്ടുള്ളത്? എന്ത് അന്യായമാണത്?

ഇബ്നു മസ്ഊദിന്റെ (رضي الله عنه) ഒരു ഹദീഥിൽ റസൂലുല്ലാഹ് (صلى الله عليه و سلم) പറയുന്നു,

"...ان الكذب يهدي الى الفجور و ان الفجور يهدي الى النار، و ان الرجل ليكذب حتى يكتب عند الله كذابا"

"...തീർച്ചയായും കളവുപറച്ചിൽ അധാർമ്മികതയിലേക്ക് നയിക്കുന്നു. അധാർമ്മികതയോ തീർച്ചയായുമത് അഗ്നിയിലേക്കും നയിക്കുന്നു. ഒരുവൻ കളവു പറഞ്ഞുകൊണ്ടിരുന്നാൽ അല്ലാഹുവിന്റെയടുക്കൽ അവനൊരു പെരുംകള്ളനായി എഴുതപ്പെടുന്നത് വരേയ്ക്കും അത് തുടരുന്നതാണ്."[30]

ദുനിയാവിന്റെ നേട്ടങ്ങൾ നേടുന്നതിനായി പലയാളുകളും കുടുംബങ്ങളെ നാട്ടിൽ നിർത്തി ഗൾഫ് രാജ്യങ്ങളിലും മറ്റും പോയി ജോലി ചെയ്യുന്നുണ്ട്. ഈ ശൗര്യം അവിടെയും കാണിക്കേണ്ടതില്ലേ? ദുനിയാവിന്റെ അറിവുകൾ നേടുവാൻ പെൺകുട്ടികൾ പോലും മറ്റു സംസ്ഥാനങ്ങളിലേക്കെന്നല്ല മറു-രാജ്യങ്ങളിലേക്ക് തന്നെയും തനിയെ പോകുന്നു. പല വിപത്തുകൾക്കും അവർ ഇരയാകുന്നു. എതിർക്കേണ്ടതായിട്ടു പോലും ആരും അനങ്ങിക്കാണുന്നില്ല. പരലോകത്തിനു ഗുണം ചെയ്യുന്ന അറിവ് നേടാൻ ആരെങ്കിലും പ്രയത്നിക്കുമ്പോൾ മാത്രം അതെങ്ങിനെ ഒളിച്ചോട്ടവും അരാജകത്വവും ആകും?

ما لكم كيف تحكمون؟

[30] ഹദീഥ് മുത്തഫഖുൻ അലൈഹി

ദമ്മാജിനെയും അതിന്റെ പണ്ഡിതരെയും വിമർശിക്കുന്നവരോട്

വിമർശനങ്ങൾ അഹ്ലുസ്സുന്നത്തിനു എതിരിൽ ഉണ്ടാകുന്നത് ഇതാദ്യമല്ല. എന്നാൽ ദമ്മാജിനെതിരെ ഇപ്പോൾ ഉയർന്നു കൊണ്ടിരിക്കുന്ന ശബ്ദങ്ങൾ ഓരോന്നും അടിസ്ഥാനരഹിതമാണ്. ഷെയ്ഖ് മുഖ്ബിലിന്റേതായും അദ്ധേഹത്തിന്റെ ശിഷ്യന്മാരുടെതായും വിജ്ഞാന മേഖലയെ പോഷിപ്പിച്ചിട്ടുള്ള സംഭാവനകൾ വലുതാണ്. അവയുടെ ഉള്ളടക്കത്തിൽ എതിർക്കപ്പെടേണ്ടതുണ്ടെങ്കിൽ അതിനു വിജ്ഞാനപരമായ രീതിയാണ് സ്വീകരിക്കേണ്ടത്. അഹ്ലുസ്സുന്നത്തിന്റെ മാർഗം അതാണ്. അടച്ചാക്ഷേപങ്ങളും പരിഹാസവും ദുരാരോപണങ്ങളും അവർ അവലംബിച്ച മാർഗ്ഗത്തോട് തീർത്തും യോജിക്കുന്നതല്ല.

ശൈഖുൽ ഇസ്‌ലാം ഇബ്ൻ തയ്മിയ്യ (رحمه الله) പറയുന്നു, "...ഒരാൾ ഹദീഥിലോ അതിന്റെ ഉദ്ധാരണത്തിലോ അല്ലെങ്കിൽ ഫത്വയിലോ, ലൗകികവിരക്തി സംബന്ധമായവയിലോ അതുമല്ലെങ്കിൽ ഇബാദത്തിലോ പിഴവ് വരുത്തിയാൽ അയാളുടെ അവസ്ഥ വിശദീകരിക്കുക എന്നത് വാജിബായി തീരും. ഇനിയവൻ തന്റെ തെറ്റ് മനസ്സിലാക്കാത്ത - അവന്റെ ഇജ്തിഹാദിന് പ്രതിഫലം ലഭിച്ചേക്കാവുന്ന - ഒരു മുജ്തഹിദ് ആയിരുന്നാലും ശരി. ഇനിയവന്റെ പിഴവ് അവന്റെ വാക്കാലോ കർമ്മത്താലോ ആയിരുന്നാൽ പോലും, കിതാബിലും സുന്നത്തിലും തെളിയിക്കപ്പെട്ടതായ രീതിയിൽ വാക്കുകളും കർമ്മങ്ങളും വ്യക്തമാക്കേണ്ടതുണ്ട്. ഇനി ഇജ്തിഹാദിനു അറിയപ്പെട്ട (അതിനു യോഗ്യതയുള്ള) ഒരുവനെങ്കിൽ, അവനെ ഇകഴ്ത്തുകയോ അല്ലെങ്കിൽ ഒരു പാപിയെന്ന കണക്കെ പരാമർശിക്കുകയോ പാടുള്ളതല്ല. കാരണം തീർച്ചയായും അല്ലാഹു അവനു അതിൽ പൊറുത്തു കൊടുക്കുന്നതാണ്. അതിനാൽ അവനിലുള്ള ഇമാനിന്റെയും തഖ്‌വയുടെയും കാരണത്താൽ വലാ'അ പുലർത്തലും അവനെ സ്നേഹിക്കലും അനിവാര്യമാണ്, അതുപോലെ തന്നെ അവനെ നല്ല നിലക്കു പരാമർശിക്കുകയും അവനു വേണ്ടി പ്രാർത്ഥിക്കലും മറ്റും..."[31]

പിഴവുകൾ സംഭവിച്ച കാര്യങ്ങളിൽ ഇങ്ങനെയെങ്കിൽ പിന്നെ മറ്റവസരങ്ങളിൽ എങ്ങനെയായിരിക്കണം എന്ന് പറയേണ്ടതില്ലല്ലോ!

പ്രമുഖ മുഹദ്ദിസായിരുന്ന ഇമാം അബു ദാവൂദിന്റെ മകനും സലഫി പണ്ഡിതനുമായിരുന്ന ഇമാം അബ്ദുല്ലാഹ് ഇബ്നു അബീ ദാവൂദ് അൽ-സിജിസ്ഥാനി (رحمهما الله) അഹ്ലുസ്സുന്നത്തിന്റെ അഖീദ വിശദീകരിച്ചുകൊണ്ടുള്ള തന്റെ പ്രശസ്തമായ

---

[31] മജ്മൂ'അ അൽ-ഫതാവ - 28/233-234

കവിതയിൽ പറഞ്ഞു,

و لا تك من قوم تلهوا بدينهم *** فتطعن في اهل الحديث و تقدح

ദീൻ കൊണ്ട് കളിക്കുന്നവരിൽ നീ ഉൾപ്പെടരുത്
അഹ്ലുൽ ഹദീഥിനെ പഴിച്ചധിക്ഷേപിക്കുന്നവരിലും

ഇവിടെ "تقدح" എന്നാൽ ഉദ്ദേശിക്കപ്പെടുന്നതിനെ പറ്റി ഇമാം അൽ-സഫാരിനി (رحمه الله) കവിതയുടെ വിശദീകരണത്തിൽ പറയുന്നു, "അവർ (ഹദീഥ് പണ്ഡിതർ) നീതിമാന്മാരും, ഹദീഥ് സ്വീകരിക്കപ്പെടാവുന്നവരും, ഹാഫിദുമാരും ആയിരിക്കെത്തന്നെ അവരുടെ നീതിയെയും സത്യസന്ധതയെയും കളവാക്കി അവരിൽ നിന്നും ഒഴിവായ പിഴവ്, കൃത്യതക്കുറവ്, കളവു പറച്ചിൽ, ഹിഫ്ദിന്റെ ദൗർബല്യം, നേരും പിഴവും കൂട്ടികുഴക്കൽ തുടങ്ങിയ സ്വഭാവദൂഷ്യങ്ങൾ അവരിലേക്ക് ചേർത്ത് പറയുക"[32]

വലിയ അനീതിയല്ലെ അത്? സുന്നത്തിന്റെ കാവലാളുകളായ ഹദീഥ് പണ്ഡിതരെ ആക്രമിക്കുക വഴി സുന്നത്തിനെ തന്നെ ഇല്ലാതാക്കാൻ എത്രയെത്ര ബിദ്'അത്തിന്റെ കക്ഷികളും ഇസ്‌ലാമിന്റെ ശത്രുക്കളുമാണ് ശ്രമിച്ചിട്ടുള്ളത്! അതിനാൽ ഇത് അപകടകരമായ ഒരു അവസ്ഥയിലേക്കാണ് വിരൽ ചൂണ്ടുന്നത്. പ്രത്യേകിച്ചും പലതരത്തിലുള്ള വ്യതിയാനങ്ങൾ ദീനിലേക്കു കയറിക്കൂടുവാൻ കിണഞ്ഞു ശ്രമിക്കുന്ന, അതിനായി എല്ലാവിധ സാങ്കേതികവിദ്യകളും ഉപയോഗിക്കപ്പെടുന്ന ഈ സാഹചര്യത്തിൽ, ആളുകളെ പ്രത്യേകിച്ചും യുവാക്കളെ വിശ്വാസയോഗ്യരായ പണ്ഡിതരിൽ നിന്നും അകറ്റുകയല്ല വേണ്ടത്.

ഇനി ഈ വിമർശിക്കുന്നവരുടെ സ്ഥിതി തന്നെയെടുത്തു നോക്കൂ. ഇസ്‌ലാമിന് വേണ്ടിയവർ നല്കിയതെന്താണ്? ഇനിയവർ ഷെയ്ഖ് മുഖ്ബിലിനെ പോലെയുള്ള ഒരു പണ്ഡിതനെ വിമർശിക്കാൻ യോഗ്യതയുള്ളവർ തന്നെയോ? അവരുടെ വിമർശനങ്ങൾ എല്ലാം തന്നെ വിശ്വാസയോഗ്യമോ? സത്യസന്ധമായി വിലയിരുത്തുന്നവർക്കു യാഥാർഥ്യം ബോധ്യപ്പെടുന്നതാണ്.

ഉദാഹരണത്തിന്, ദമ്മാജിനെതിരായി സുഫ്‌യാൻ അബ്ദുൽ-സത്താർ എന്നയാൾ ശബാബ് വാരികയിൽ എഴുതിയ 'യെമെനിലെ സലഫിസം - ഉൾപ്പിരിവുകൾ, വിചിത്ര

---

[32] ലവായിഹുൽ അൻവാറുസ്സനിയ്യ വ ലവാകിഹുൽ അഫ്കാരുസ്സുന്നിയ്യ - 2/347-348

വാദങ്ങൾ'[33] എന്ന ലേഖനത്തിൽ ദമ്മാജിലെതെന്നു വരുത്തിക്കൊണ്ട് പറഞ്ഞ വിചിത്ര വാദങ്ങൾ കാണാം, "വിശ്വാസം വാക്കു കൊണ്ട് സ്ഥിരപ്പെടും, പ്രവർത്തനങ്ങൾ അതിന്റെ പൂർത്തീകരണമാണ്, നിബന്ധനയല്ല." ഇത് പിഴച്ച മുർജിയാക്കളുടെ വിശ്വാസമാണ് എന്ന് ചെറിയ കുട്ടികൾക്ക് പോലും അറിയാം. ഇത് ദമ്മാജിൽ എവിടെയാണ് പഠിപ്പിക്കുന്നത് എന്ന് ലേഖനത്തിൽ പ്രതിപാദിച്ചിട്ടില്ല. എന്നാൽ മുർജിയാക്കൾക്കെതിരായി ദമ്മാജിൽ നിന്നും ഇറങ്ങിയിട്ടുള്ള പുസ്തകങ്ങളും ഓഡിയോകളും നിരവധിയാണ്. അതിനെക്കുറിച്ചും ലേഖനത്തിലില്ല. അഹ്ലുസ്സുന്നത്തിന്റെയടുക്കൽ ഈമാനെന്നാൽ വാക്കും, വിശ്വാസവും പ്രവർത്തിയുമാണ് എന്നും അത് സല്കര്മ്മങ്ങൾക്കനുസരിച്ചു വർധിക്കുമെന്നും അല്ലാഹുവിനോടുള്ള അനുസരണക്കേടു മൂലം കുറയുമെന്നും വ്യക്തമാണ്. ഇത് അഖീദ വിവരിച്ചുകൊണ്ടുള്ള ഗ്രന്ഥങ്ങളിലെല്ലാം വന്നിട്ടുള്ളതുമാണ്.

തുടർന്ന് പറയുന്നു, "ഭരണാധികാരി എത്ര മോശമായിരുന്നാലും ശരി പരസ്യമായി വിമർശിക്കാൻ പാടില്ല. പരസ്യമായി വിമർശിക്കുന്നവർ ഖവാരിജുകളിൽ പെട്ടവരാണ്" ഷെയ്ഖ് മുഖ്ബിലിന്റെ ഈ വിഷയത്തിലുള്ള വിശ്വാസം വ്യക്തമായി 'തുഹ്ഫത്തുൽ മുജീബ് ആലാ അസ്ഇലത്തി ഹാദിർ വൽ ഗരീബ്' എന്ന ഗ്രന്ഥത്തിൽ കാണാം. ഇപ്പറഞ്ഞ ഗ്രന്ഥം തന്റെ റെഫറൻസിൽ കൊടുത്തിട്ടുമുണ്ട് ലേഖകൻ. പക്ഷെ ആരോ വഴിതെറ്റിച്ചതിനനുസരിച്ചു അതിൽ നിന്നും തെറ്റുകൾ ചികയാൻ മാത്രം തുറന്നതെന്നുറപ്പ്.

ഷെയ്ഖ് പറയുന്നു, "സലഫുകളുടെ നിലപാടുകൾ നമുക്കും മതിയാകുന്നതാണ്. ഉബാദത്ത് ഇബ്നു സാമിത് (رضي الله عنه)-വിന്റെ ഹദീഥിൽ വന്നത് പോലെ, "നാം റസൂലുല്ലാഹ് (صلى الله عليه و سلم)-ക്കു കേൾക്കുകയും അനുസരിക്കുകയും ചെയ്യുമെന്ന് - അത് ഞെരുക്കത്തിലായാലും എളുപ്പത്തിലായാലും, ഉണർവിലായാലും നിർബന്ധാവസ്ഥയിലായാലും - ബൈഅത്ത് നൽകി, അതിനി നമുക്ക് മേൽ ഒരാളെ അധികാരമേൽപ്പിച്ചരായാൽപ്പോലും, അതുപോലെ തന്നെ നാം അവകാശങ്ങൾ അതിന്റെയാളുകളിൽ നിന്നും പിടിച്ചെടുക്കുകയില്ലെന്നും വ്യക്തമായ കുഫ്ർ കാണാത്തിടത്തോളം നമ്മുടെ ഭരണാധികാരികൾക്കെതിരെ പ്രക്ഷോഭവുമായി ഇറങ്ങിത്തിരിക്കുകയില്ലെന്നും, ആക്ഷേപകരുടെ ആക്ഷേപങ്ങൾ ഭയക്കാതെ എവിടെയായാലും നാം സത്യം വിളിച്ചുപറയുമെന്നും..."[34] മറ്റൊരിടത്തു അദ്ദേഹം

---

[33] 17 ഏപ്രിൽ 2015 ലക്കം, കവർസ്റ്റോറി:13-18

[34] ഹദീഥ് മുത്തഫഖുൻ അലൈഹി

പറഞ്ഞു, "ഭരണാധികാരികളെ പറ്റിയുള്ള സംസാരങ്ങൾ ഞാൻ ഉപദേശിക്കുന്നില്ല. എന്നാൽ (അവരുടെ നിലപാടുകൾ) പരിശോധിക്കുക. അവരുമായുള്ള പോരുകൾ നാം ഉപദേശിക്കുന്നതല്ല. നാം ഫിത്നയിലേക്കു വിളിക്കുന്നവനുമല്ല....ജനങ്ങൾ അല്ലാഹുവിന്റെ കിതാബിലേക്കു മടങ്ങുകയാണ് വേണ്ടത്. അവന്റെ അടിയാളുകളുടെ മുടിചുരുട്ടു പരിശുദ്ധനും ഉന്നതനുമായ അവന്റെ കൈകളിലാണ്, "ഏതൊരു ജനതയും തങ്ങളുടെ സ്വന്തം നിലപാടുകളില് മാറ്റം വരുത്തുന്നത് വരെ അല്ലാഹു അവരുടെ സ്ഥിതിക്ക് വ്യത്യാസം വരുത്തുകയില്ല[35]"". അദ്ദേഹം തുടരുന്നു, "ഭരണാധികാരികൾ കിതാബിനും സുന്നത്തിനും എതിരായി പ്രവർത്തിക്കുന്നതിന് മിൻബറിൽ കയറി വിമർശിക്കുന്നതും അവനെതിരിൽ പ്രക്ഷോഭത്തിന് ആഹ്വാനം ചെയ്യുന്നതും തമ്മിൽ വ്യത്യാസമുണ്ട്..." "വ്യക്തമായ കുഫ്ർ കണ്ടു കഴിഞ്ഞാൽ ഭരണാധികാരിയെ എതിരിടാമോ? നാം മുസ്ലിം ജനങ്ങളുടെ അവസ്ഥ പരിശോധിക്കേണ്ടതാണ്. അവർക്കു അത് മാറ്റുവാനുള്ള കഴിവുണ്ടോ? അതോ അവർ സ്വയം ബലിയാടുകളായി തീരുമോ? ഇനിയവർക്കു അതിനാവശ്യമായ ഉപാധികളും ഉറവിടങ്ങളുമുണ്ടോ? അതോ അതിന്നായി അവർക്കു അമേരിക്കയെയോ മറ്റു ഭരണകൂടങ്ങളെയോ ആശ്രയിക്കുക വഴി രക്തം ചിന്തേണ്ടതായി വരുമോ? ഇപ്പോഴുള്ളതിനു പകരമായി വേറൊരു മതേതര നേതാവിനെയോ അല്ലെങ്കിൽ അതിനു പകരമായി ഒരു കമ്മ്യൂണിസ്റ്റിനെയോ, ഒരു മുസ്ലിമിന് പകരം ഒരു ക്രിസ്ത്യാനിയെയോ അവിടെ അവർ പ്രതിഷ്ഠിക്കുമോ?..." "ഇനി അവർക്കു പ്രക്ഷോഭങ്ങൾക്കാവശ്യമായ ആയുധവും സേനയും ലഭ്യമോ?..." "അവർക്കാവശ്യമായ ഡോക്ടർമാരും ആശുപത്രികളും ലഭ്യമോ? അതോ മുറിവേറ്റവൻ രക്തം മുഴുവൻ വാർന്നൊഴുകുന്നത് വരെ അവനെ ആരും നോക്കാനില്ലാത്ത അവസ്ഥയാകുമോ? അത് പോലെ തന്നെ ആഹാര പദാർത്ഥങ്ങൾ. സ്വഹാബത്തിനെപ്പോലെ - തങ്ങളുടെ നാടും, വീടും, സ്വത്തുക്കളും നഷ്ടപ്പെടുമ്പോഴും, ദൗർബല്യത്തിലും, അസുഖത്തിലും, ക്ഷാമത്തിലും ക്ഷമ കൈക്കൊള്ളാൻ - ഇക്കാലക്കാർക്കു സാധിക്കുകയില്ല. അതിനവർ സ്വഹാബത് ഏതൊന്നിലായിരുന്നോ അതിലേക്കു മടങ്ങി സ്വയം നിയന്ത്രിക്കേണ്ടതുണ്ട്."[36]

യമൻ എന്ന രാജ്യം ചെന്നെത്തിയിട്ടുള്ള അവസ്ഥ അറിയാവുന്ന ഏതൊരാൾക്കും ഈയൊരു ഉപദേശം ഇന്ന് വളരെ വിലപ്പെട്ടതായിരിക്കും. അതിനെ പരിഹസിച്ചവർ ദുനിയാവിൽ അനുഭവിക്കുന്നത് തന്നെ അസഹനീയമാണ്. എന്നാൽ അദ്ദേഹം

---

[35] സൂറത്തു അൽ-റ'അദ്:11

[36] തുഹ്ഫത്തുൽ മുജീബ് ആലാ അസ്ഇലത്തി ഹാദിർ വൽ ഗരീബ് എന്ന ഗ്രന്ഥത്തിൽ 91, 164, 165 പേജുകളിൽ പലയിടത്തു നിന്നായി സംഗ്രഹിച്ചത്.

മുന്നോട്ടു വെച്ച സുന്നത്തിന്റെ മാധുര്യമുള്ള ആ ഉപദേശം നിരസിച്ചവർ അറിയാതിരുന്നതെന്തെന്നാൽ അവർ നിരസിച്ചത് പ്രവാചക ചര്യയായിരുന്നു. അത് പിൻപറ്റുന്നവർക്കുള്ള രക്ഷയായിരുന്നു.

ചില ഉദാഹരണങ്ങൾ മാത്രമേ ഇവിടെ നമുക്ക് ചൂണ്ടി കാണിക്കാൻ സാധിച്ചിട്ടുള്ളു. പക്ഷെ ശബാബ് വാരികയിൽ വന്ന ലേഖനത്തിലും, ഇത്തരം വിമർശകരിൽ എല്ലാം തന്നെയും ഈയൊരു അനീതിയുടെ ധ്വനികൾ അലയടിക്കുന്നുണ്ട്. സുന്നത്തിലും മറ്റു ഇസ്‌ലാമിക പഠനശാഖകളിലും ഉള്ള അറിവില്ലായ്മയുടെയും ഒരു പ്രതിഫലനമാണത്. അങ്ങിനെ വന്നിട്ടുള്ളതാണ് 'ആടുമേക്കൽ അല്ലാതെ മറ്റു ജോലികൾ പാടില്ല എന്നവർ നിർബന്ധിക്കുന്നു' പോലെയുള്ള ആരോപണങ്ങളും. ഈ ലേഖകർക്കോ മറ്റു വിമർശകർക്കോ ദമ്മാജിൽ നിന്നും പഠിച്ചിട്ടുള്ള ശൈഖുമാരുമായോ അല്ലെങ്കിൽ മുതിർന്ന വിദ്യാർഥികളുമായോ അതുമല്ലെങ്കിൽ അവിടെ പോയി വന്നവരുമായോ ബന്ധം ഉണ്ടോ എന്നറിയില്ല.

“يَا أَيُّهَا الَّذِينَ آمَنُوا إِنْ جَاءَكُمْ فَاسِقٌ بِنَبَإٍ فَتَبَيَّنُوا أَنْ تُصِيبُوا قَوْمًا بِجَهَالَةٍ فَتُصْبِحُوا عَلَى مَا فَعَلْتُمْ نَادِمِينَ”

“സത്യവിശ്വാസികളേ, ഒരു അധര്‍മ്മകാരി വല്ല വാര്‍ത്തയും കൊണ്ട് നിങ്ങളുടെ അടുത്ത് വന്നാല് നിങ്ങളതിനെപ്പറ്റി വ്യക്തമായി അന്വേഷിച്ചറിയണം. അറിയാതെ ഏതെങ്കിലും ഒരു ജനതയ്ക്ക് നിങ്ങള് ആപത്തുവരുത്തുകയും, എന്നിട്ട് ആ ചെയ്തതിന്റെ പേരില് നിങ്ങള് ഖേദക്കാരായിത്തീരുകയും ചെയ്യാതിരിക്കാന് വേണ്ടി.”[37]

ഇത്തരത്തിൽ കല്പിക്കപ്പെട്ടിട്ടുള്ള ഒരു സമൂഹത്തിൽ ഇക്കാണുന്ന ദുരാരോപണങ്ങളും, അടിസ്ഥാനരഹിതമായ വാർത്തകൾ പ്രചരിപ്പിക്കലും മറ്റും തീർത്തും പാടില്ലാത്തതാണ്. ഹദീഥിന്റെ അക്ഷരങ്ങൾ പോലും രേഖപ്പെടുത്തുന്നതിൽ കൃത്യത പാലിച്ചിരുന്ന ഒരു സമൂഹത്തിൽ നിന്നും പിന്നീട് ഇത്തരത്തിൽ അശ്രദ്ധരും, ആത്മാർഥത ഇല്ലാത്തവരുമായി എങ്ങനെ നാം അധഃപതിച്ചു! അല്ലാഹുവിങ്കൽ ശരണം! എന്നിരുന്നാലും സംഘടനാ-പാർട്ടി പക്ഷപാതിത്വമില്ലാതെ, നീതിയോടെ, കിതാബിന്റെയും സുന്നത്തിന്റെയും വെളിച്ചത്തിൽ വിഷയങ്ങൾ പഠിക്കുക നിർബന്ധമാണ്. അതിലൂടെ മാത്രമേ സത്യം കണ്ടെത്താൻ സാധിക്കുകയുള്ളു. ഇന്ന് നിലനിൽക്കുന്ന ഉൾപ്പോരുകൾക്കും, പരസ്പര വിദ്വേഷങ്ങൾക്കും ഏക പരിഹാരവും ഇത് തന്നെയാണ്. അല്ലാഹു അതിനുള്ള തൗഫീഖ് നൽകുമാറാകട്ടെ!

[37] അൽ-ഹുജുറാത് : 6

തിരുസുന്നത്തിനെ, സലഫുകളുടെ മാർഗത്തെ സ്നേഹിക്കുന്ന സഹോദരങ്ങളോട്

ശ്രദ്ധിക്കുക! ദമ്മാജിലെ ദാറുൽ ഹദീഥിനെതിരെ ഇന്ന് കാണുന്ന ആക്ഷേപങ്ങളും, പരിഹാസങ്ങളും അനീതിയാണ്. സുന്നത്തിനെയും അതിന്റെ വാഹകരായ ഉലമാക്കളെയും സ്നേഹിക്കുന്ന ഒരു സലഫിയെ സംബന്ധിച്ചു ഹൃദയഭേദകവുമാണ്. എന്നാൽ നമ്മെ സന്തോഷിപ്പിക്കുന്നത് നമ്മുടെ പ്രിയപ്പെട്ട റസൂലുല്ലാഹ് (صلى الله عليه و سلم)-യുടെ ഈ വാക്കുകളാണ്,

“لا تزال طائفة من أمتي قائمة بأمر الله لا يضرهم من خذلهم او خالفهم حتى يأتى أمر الله و هم ظاهرون على الناس”

"എന്റെ ഉമ്മത്തിൽ എന്നും സത്യത്തിന്റെ മാർഗത്തിൽ വ്യക്തമായി നിലകൊള്ളുന്ന ഒരു സംഘം ഇല്ലാതിരിക്കുകയില്ല. അല്ലാഹുവിന്റെ കല്പനയെത്തുന്ന (ഖിയാമത്തു നാൾ) വരെയും അവരെ കയ്യൊഴിയുന്നവർക്കോ എതിർക്കുന്നവർക്കോ അവരെ ദ്രോഹിക്കാനാകുകയില്ല. അന്നവർ മറ്റുള്ളവരുടെ മേൽ ആധിപത്യമുള്ളവരുമാകും."[38]

ഇമാം ബുഖാരി, അലീ ഇബ്നുൽ മദീനി (رحمهما الله) എന്നിവർ ഈ ഹദീഥ് വിശദീകരിച്ചു കൊണ്ട് പറഞ്ഞു "അവർ (ആ സംഘം) ഹദീഥിന്റെ ആളുകളാണ്."

ഇമാം അൽബാനി (رحمه الله) പറയുന്നു, "ഇവിടെ വ്യക്തമാകുന്നതെന്തെന്നാൽ ഇസ്‌ലാം മതത്തിൽ വിശ്വസിക്കുന്ന ഏതൊരുവനും അവന്റെ ദീൻ സ്വീകരിക്കുന്ന മാർഗത്തിൽ ഹദീസിന്റെ ആളുകളുടെ മാർഗം സ്വീകരിച്ചില്ലെങ്കിൽ അവന്റെ ഈമാൻ അപകടത്തിലാണ്. കാരണം അവർക്കാണ് വിഷയങ്ങളിൽ പ്രാമാണികമായി നേരിലുള്ളത് ഏതെന്നും, തെറ്റിലുള്ളത് ഏതെന്നും ഏറ്റവും നന്നായറിയുന്നത്. ആളുകളിൽ അതിന്റെ അർത്ഥങ്ങളും ഉദ്ദേശങ്ങളും ഏറ്റവും നന്നായി മനസ്സിലാക്കുന്നവരും. കാരണം അവർ അതെല്ലാം തന്നെ റസൂലിൽ (صلى الله عليه و سلم) നിന്നും - ഏതൊരു മാർഗമാണോ ദീൻ മനസ്സിലാക്കാൻ അതല്ലാതെ മറ്റൊരു മാർഗ്ഗവുമില്ലാത്തതായുള്ളത് - ആ നേരായ ഇൽമിയായ മാർഗ്ഗത്തിലാണ് എടുത്തിട്ടുള്ളത്. അതല്ലെങ്കിൽ ദീൻ ഇച്ഛയെ പിൻപറ്റിക്കൊണ്ടുള്ളതാകും. ഇതാണ് ഇസ്‌ലാമിക പണ്ഡിതരെ ഇന്ന് പിടികൂടിയിട്ടുള്ള ഒരു മാറാരോഗം. റസൂലുല്ലാഹ് (صلى

[38] പല സ്വഹാബികളിൽ നിന്നായി പല മുഹദ്ദിസീങ്ങളും റിപ്പോർട്ട് ചെയ്തത്. മുആവിയയിൽ (رضي الله عنه) നിന്ന് ഇമാം മുസ്ലിം റിപ്പോർട്ട് ചെയ്ത റിവായത് ആണ് കൊടുത്തിട്ടുള്ളത്.

سلم و عليه الله) സന്തോഷ വാർത്തയറിയിച്ച താഇഫത്തുൽ മൻസൂറ-ക്ക് പുറമെ മറ്റാർക്കും അതിൽ നിന്നും രക്ഷയില്ല…"[39]

ഖത്തീബ് അൽ-ബാഗ്ദാദി (رحمه الله) പറഞ്ഞു, "അവർ (ഹദീസിന്റെ ആളുകൾ) ശരീയ്യത്ത് തങ്ങളുടെ വാക്കാലും പ്രവൃത്തിയാലും സ്വീകരിച്ചവരാണ്. സുന്നത്തിനെ അതിന്റെ ശരിയായ ഉറവിടത്തിലേക്കു ചേർത്ത് പറയുന്നത് വഴിയും, മനഃപാഠമാക്കുന്നത് വഴിയും സംരക്ഷിക്കുന്നവരാണ്, അതുമൂലം അവരുടെ അടിത്തറ ഉറക്കും വരേക്കും. അതിന്റെയും അതിന്റെ ആളുകളുടെയും അവകാശങ്ങൾ ഏറ്റവും നന്നായി നിർവഹിക്കുന്ന കാര്യത്തിലും (അവർ മുന്നിലാണ്)…"[40]

ഇമാം ഖുതൈബത്തു ഇബ്നു സഈദ് (رحمه الله) പറഞ്ഞു, "ഹദീഥിന്റെ ആളുകളെ ഒരുവൻ സ്നേഹിക്കുന്നത് കണ്ടാൽ അവൻ അഹ്ലുസ്സുന്നത്തിൽ പെട്ടവനെന്നു നീ മനസ്സിലാക്കുക, ഇനിയൊരുവൻ അവരെ വെറുക്കുന്നുവെങ്കിൽ അവനൊരു ബിദ്അത്തുകാരനെന്നും നീ മനസ്സിലാക്കുക."[41]

ഹദീഥിന്റെ ആളുകളുടെ ഗുണങ്ങൾ കൊണ്ട് ഗ്രന്ഥങ്ങൾ നിറക്കാവുന്നതാണ്. റസൂലുല്ലാഹ് (صلى الله عليه و سلم)-യുടെ തിരുസുന്നത്തിനെ സ്നേഹിക്കുന്ന, അത് പിൻപറ്റുന്നതിൽ പരസ്പരം മത്സരിക്കുന്ന, ഏതൊരു പ്രയാസഘട്ടത്തിലും പരിഹാരത്തിനായി അതിലേക്കു മടങ്ങുന്ന ഹദീഥിന്റെ ആളുകളുടെ കൂട്ടത്തിൽ അല്ലാഹു നമ്മെയും ഉൾപ്പെടുത്തുമാറാകട്ടെ!

تمت الرسالة

و الحمد لله رب العالمين

و صلى الله و سلم و بارك على عبده و رسوله الأمين

نبينا محمد و آله و صحبه و من تبعهم بإحسان الى يوم الدين

---

[39] ഖിസ്സതു മസീഹിദ്ദജ്ജാൽ വ നുസൂല് ഈസ അലൈഹിസ്സലാം: 29

[40] ഷറഫ് അസ്ഹാബുൽ ഹദീഥ് - 31

[41] ഇമാം സാബൂനിയുടെ 'ഇഅത്തിഖാദ്' - 121